൲൯൱൪-ന്ന ൲൰൮൰

പുസ്തകം ൧൩]　　വൃശ്ചികം　　[ലക്കം ൧൧

മലങ്കര

ഇടവക പത്രിക

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു.



"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ
പുകഴ്ചു ചെയ്യാൻ സംഗതി വരരുതു്"
(മാർ പൌലൂസ.)

സംഗതിവിവരങ്ങൾ.

പ്രസിദ്ധകൻ
റവ്. ജി. കൊച്ചുമ്മൻ.

Mar Thomas Press, Cottayam.

പഞ്ചാംഗം

൧൯൦൪. ധനു ൧൦൮൦

സൂറിയാനി	ഇംഗ്ലീഷ്	മലയാളം	ആഴ്ച	വിശേഷദിവസങ്ങൾ
൧	൧൪	൨൯	ബു	൧. നു ഇരുപത്തഞ്ചുനോയമ്പാരംഭം.
൨	൧൫	൧	വ്യാ	൪. നു മത്തബർബാറായുടെയും മർത്ത്യൂലിയാനായുടെയും ഓർമ്മ.
൩	൧൬	൨	വെ	൫. നു യൂഹാനോൻ മാംദാനായുടെ ജനനം ഞായറാഴ്ച.
൪	൧൭	൩	ശ	൬. നു മാർ സോക്കെയുടെ ഓർമ്മ.
൫	൧൮	൪	ഞ	൧൦. നു മാർ ബെഹനാം സഹദായുടെ ഓർമ്മ.
൬	൧൯	൫	തി	൧൨. നു നീതിമാനായ യൌസേഫിനുണ്ടായ വെളിപാടു ഞാ.
൭	൨൦	൬	ചൊ	൧൯. നു പിറവിക്കു മുമ്പുള്ള ഞാ.
൮	൨൧	൭	ബു	൨൫. നു യൽദൊ. നോയമ്പു വീടൽ (മാറാനായ)
൯	൨൨	൮	വ്യാ	൨൬. നു പിറവിയുടെശേഷം ൧ാം ഞാ.
൧൦	൨൩ (ഡിസംബർ)	൯	വെ	൨൭. നു കർത്താവിനെപ്പറ്റി കൊല്ലപ്പെട്ട ശിശുക്കളുടെ ഓർമ്മ.
൧൧	൨൪	൧൦	ശ	
൧൨	൨൫	൧൧	ഞ	
൧൩	൨൬	൧൨	തി	
൧൪	൨൭	൧൩	ചൊ	
൧൫	൨൮	൧൪	ബു	
൧൬	൨൯	൧൫ (ധനു)	വ്യാ	
൧൭	൩൦	൧൬	വെ	
൧൮	൩൧	൧൭	ശ	
൧൯	൧	൧൮	ഞ	
൨൦	൨	൧൯	തി	
൨൧	൩	൨൦	ചൊ	
൨൨	൪ (ജനുവരി)	൨൧	ബു	
൨൩	൫	൨൨	വ്യാ	
൨൪	൬	൨൩	വെ	
൨൫	൭	൨൪	ശ	
൨൬	൮	൨൫	ഞ	
൨൭	൯	൨൬	തി	
൨൮	൧൦	൨൭	ചൊ	
൨൯	൧൧	൨൮	ബു	
൩൦	൧൨	൨൯	വ്യാ	
൩൧	൧൩	൧	വെ	

(സൂറിയാനി: കാനൂൻ ൧ാം)

പിഴതിരുത്തൽ.

കഴിഞ്ഞ ലക്കം പഞ്ചാംഗത്തിൽ ൭ാം നു ഞാ. കൂദശ് ഈത്തായെന്നുള്ളതു ഹൂദൊസ് ഈത്തായെന്നും ൧൪ാം നു ഹൂദൊസ് ഈത്തായെന്നുള്ളതു സൂബോറൊദസ്കറിയായെന്നും ൨൧. നു സൂബോറൊയെന്നുള്ളതു സൂബോറൊദ് യൊൽദാസ് അലോഹൊയെന്നും തിരുത്തി വായിക്കേണ്ടതാകുന്നു.

മലങ്കര
ഇടവക പത്രിക.

പുസ്തകം ൧൨ | ൧൯൦൮. തെശ്രീൻ ഹ്റൊയി | ലക്കം ൧൧

നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു
മെത്രാപ്പോലീത്താ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ
കരിങ്ങാച്ര പള്ളി ഇടവകക്കാർ വിനയ
പുരസ്സരം സമപ്പിക്കുന്ന
മംഗളപത്രം.

നിതാന്ത വന്ദ്യ പിതാവെ! ——

ഈ ഇടവകയിൽപെട്ട യുവാക്കന്മാൎക്കു കാലോചിതമായ വിദ്യാപ്രദാനം ചെയ്യുന്നതിനായി അടിയങ്ങൾ യഥാശക്തി സ്ഥാപിച്ചിരിക്കുന്ന ഈ വിദ്യാലയത്തിന്നു തിരുമനസ്സിലെ പേരു വിളിക്കുന്നതിന്നും വിദ്യാലയമായി ഉപയോഗിക്കുന്നതിന്നും അടിയങ്ങളുടെ ശക്തിക്കു അപ്പുറമെന്നു പറയാവുന്നവിധം പണി കഴിപ്പിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ ഗൃഹപ്രവേശ മുഹൂൎത്തത്തിൽ അഗ്രാസനം വഹിക്കുന്നതിന്നും ദയവായി അനുമതി നൽകിയതിന്നു അടിയങ്ങൾ തിരുമേനിയെ ഹൃദയപൂൎവ്വകമായി അഭിവന്ദനം ചെയ്തുകൊള്ളുന്നു.

മലങ്കര ഇടവകയിൽ പല സ്ഥലങ്ങളിലും തിരുമനസ്സു കൊണ്ടു സ്ഥാപിച്ചുനടത്തിവരുന്നമഹാപാഠശാലകളോടു അടിയങ്ങളുടെ ഈ ശിശുപ്രായമായ വിദ്യാലയത്തിന്നു യാതൊരുസാമ്യവുമില്ലെങ്കിലും സമുദായാഭിവൃദ്ധിക്കു ഉതകുന്നതായ ഈ ഏൎപ്പാടിൽ അടിയങ്ങളെ ഇത്രത്തോളമെങ്കിലും ശക്തന്മാരാക്കിത്തീൎത്തതു തിരുമനസ്സിലെ അനുകരണീയമായ ദൃഷ്ടാന്തവും പുത്രനിൎവ്വിശേഷമായ വാത്സല്യത്തോടു കൂടിയ ഉപദേശവും ആണെന്നുള്ള വാസ്തവം അടിയങ്ങൾ സന്തോഷപൂൎവ്വം സമ്മതിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

തിരുമനസ്സിലെ ഗൌരവാവഹമായ ഏറിയോരു ജോലിത്തിരക്കുകളുടെ ഇടയിൽ തിരുമനസ്സുകൊണ്ടു ഈ ഇടവകയുടെ അഭിവൃദ്ധി വിഷയത്തിൽ നിരന്തരം ശ്രദ്ധ പതിക്കുകയും എത്ര കണ്ടാലും തൃപ്തി വരാത്ത വിധത്തിലുള്ള ആകൎഷകത്വവും ദിവ്യപ്രഭയും ഉള്ള തിരുമുഖ ദൎശനത്തിന്നു അടിയങ്ങൾക്കു കൂടക്കൂടെ സംഗതി വരത്തക്കവിധം ഈ ഇടവകയെ ധാരാളമായി സന്ദൎശിക്കയും ചെയ്യുന്നതിൽ തിരുമനസ്സിലെ നേരെ അടിയങ്ങൾക്കുള്ള കൃതജ്ഞത എത്രമാത്രമെന്നു പറഞ്ഞുതീൎക്കുവാൻ അടിയങ്ങൾ ശക്തന്മാരല്ല.

മലങ്കര സഭയ്ക്കു തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള നാനാവിധ ശാശ്വത ഗുണങ്ങളെ കുറിച്ചു പൂർണ്ണബോധമുള്ള അടിയങ്ങൾ അതുകളുടെ ബഹുലത്വം നിമിത്തം അതുകളെ ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. സഭയെ പാടെ മറിച്ചു കളയുന്നതിനായി ഉദ്ദ്യമിക്കുകയും കുറെക്കാലം ഈ ഇടവകയിലും വന്നു താമസിക്കുകയും ചെയ്ത ആ ഗോലിയാഥിന്റെ വേദവിപരീതമായ അട്ടഹാസത്തെ അടക്കിയ തിരുമേനിയെ അടിയങ്ങളും അടിയങ്ങളുടെ സന്തതികളും ഒരു കാലത്തും മറക്കുന്നതല്ലെന്നു സത്യമായി ബോധിപ്പിച്ചുകൊള്ളുന്നു. തിരുനാമത്തെ നിത്യവും ഓർത്തു ദൈവത്തെ പുകഴ്ത്തുന്നതിന്നു ഈ ഏക സംഗതിയെക്കുറിച്ചുള്ള സ്മരണ സത്യവിശ്വാസികളെ ലോകാവസാനത്തോളം നിത്യവും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതാണ.

ആയുഷ്കാലം മുഴുവനും സഭയ്ക്കായി വിനിയോഗിച്ചുകൊണ്ടുവരുന്ന തിരുമനസ്സുകൊണ്ടു അവിടുത്തെ അനേക സൽപ്രവൃത്തികളുടെ ഫലങ്ങളെ കണ്ടുംകൊണ്ടു വിശ്രമിച്ചിരിക്കുന്നതിന്നായി ഇനിയും വളരെക്കാലം അരോഗിയായി ജീവിച്ചിരിക്കാൻ സംഗതിയാകണമെന്നു അടിയങ്ങൾ സർവ്വാത്മനാ പ്രാർത്ഥിക്കുകയും അടിയങ്ങളേയും ഈ ഇടവകയേയും ദയാപുരസ്സരം അനുഗ്രഹിക്കണമെന്നു അപേക്ഷിക്കയും ചെയ്തുകൊണ്ടു ഈ മംഗളപത്രം സമർപ്പിച്ചുകൊള്ളുന്നു.

എന്നു തിരുമനസ്സിലെ ആജ്ഞയിൻ കീഴ ഈ പള്ളിയുടെ ആരംഭം മുതൽക്കെ ഇരിക്കുന്നവരും എന്നെന്നേക്കും അപ്രകാരം തന്നെ ഇരിക്കാൻ ആഗ്രഹിക്കുന്നവരുമായ കരിങ്ങാച്ചിറ പള്ളി ഇടവകക്കാർ,

൧൯൦൯ തെശ്രീൻകദീം ൨൦-ാം നു-
൧൦൮൫ തുലാം ൫-ാം നു-.

മറുപടി.

പ്രിയമക്കളെ!

നിങ്ങൾ ഇപ്പോൾ സമർപ്പിച്ചതായ മംഗളപത്രത്തെ നാം സന്തോഷപൂർവ്വം സ്വീകരിക്കയും അതിൽ സ്പഷ്ടമായി പ്രതിബിംബിച്ചു കാണുന്ന നിങ്ങളുടെ നല്ല മനസ്സിനെ നാം അഭിനന്ദിക്കുകയും ചെയ്യുന്നു. മലങ്കര ഇടവകയിൽ പല സ്ഥലങ്ങളിലും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തുന്നതിന്നു നാമും മററു മെത്രാപ്പോലീത്തന്മാരും അല്പമായ ശ്രമം ചെയ്തിട്ടുണ്ടു. എന്നാൽ ഈ വിഷയത്തിൽ ഇനിയും വളരെ പ്രവൃത്തിക്കാനുണ്ടെന്നു വ്യസനസമേതം സമ്മതിച്ചുകൊള്ളുന്നു. നിങ്ങൾ ഇങ്ങനെ ഒരു നല്ല കെട്ടിടം പണികഴിപ്പിച്ചു പാഠശാല നടത്തിവരുന്നതിൽ നമുക്കു അത്യധികമായ സന്തോഷമുണ്ടു. ഇതിന്റെ നടത്തിപ്പിനു തക്കതായ ഏർപ്പാടുകൾ ചെയ്യുവാനും ഇടവകയുടെ അവസ്ഥക്കു തക്കവണ്ണം ഇതിനെ പുഷ്ടിപ്പെടുത്തി കൊണ്ടുപോകുന്നതിന്നു നി-

ങ്ങൾ എല്ലാവരും ഒന്നൊരുമിച്ചു പ്രവൃത്തിക്കുമെന്നു നാം വിശ്വസിക്കുന്നു. നിങ്ങളുടെ പള്ളിയുടെ മേൽ നമ്മുടെ ശ്രദ്ധ സവിശേഷമായി പതിയുന്നതിന്നു ഇടയായിട്ടുണ്ട്. എന്നാൽ ഇതു നമ്മുടെ ഒഴിച്ചുകൂടാത്ത ഒരു അംശമാകയാൽ നിങ്ങൾ ഈ കത്തിൽ നമ്മോടു പ്രത്യേകിച്ചു നന്ദി പറയേണമെന്നില്ല എങ്കിലും നാം ഈ പള്ളികാര്യങ്ങളിൽ പ്രവൃത്തിച്ചിട്ടുള്ളതൊക്കെയും നിങ്ങൾക്കു തൃപ്തികരമായിരിക്കുന്നു എന്നറിയുന്നതു നമുക്കു സന്തോഷകരം തന്നെ.

നാം മലങ്കര സഭയ്ക്കുവേണ്ടി യഥാശക്തി കുറെയൊക്കെ പ്രവൃത്തിക്കുകയും അതു ദൈവാനുഗ്രഹത്താൽ മിക്കവാറും ഫലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിങ്ങളുടെ മംഗളപത്രത്തിൽ കാണുന്ന അതിപ്രശംസയ്ക്കു നാം പാത്രവാനല്ല നമ്മുടെ ലോകരക്ഷിതാവായ യേശുമിശിഹാ തന്റെ ഈ സഭയുടെ നടത്തിപ്പിന്നു നമ്മെ ഒരു തൽകാലായുധമായി ഉപയോഗിക്കുകയും നാം മടികൂടാതെ ദൈവതിരുവിഷ്ടത്തിന്നു കീഴ്പെട്ടു നമ്മാൽ കഴിയുന്നതു ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഭയിൽ ചെയ്യാനുള്ള വേലയുടെ അധികത്വവും നമ്മുടെ വേലഫലത്തെയും ഓർത്തു നാം സങ്കടിച്ചും ലജ്ജിച്ചും തന്നെയിരിക്കുന്നു. നാം വൃദ്ധനും ക്ഷീണനുമായിരിക്കകൊണ്ടു കഴിഞ്ഞ കാലങ്ങളിലെപ്പോലെ കൂടക്കൂടെ പള്ളികളിൽ സഞ്ചരിച്ചു നിങ്ങളെയൊക്കെ എപ്പോഴും മുഖദാവിൽ കാണ്മാൻ പ്രയാസമായി വന്നിരിക്കുന്നു. എന്നാൽ നാം എവിടെ ഇരുന്നാലും നിങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ നിന്നു ഒരിക്കലും വിട്ടുമാറുന്നതല്ല. നിങ്ങൾ എല്ലാവരും ക്ഷേമത്തോടും ദൈവഭയത്തിലും സത്യവിശ്വാസത്തിലും സ്ഥിരതയോടും ജീവിച്ചിരിക്കുന്നതിന്നു സർവ്വശക്തനായ ദൈവം നിങ്ങളെയും നിങ്ങളുടെ കുഡുംബങ്ങളെയും നിങ്ങളുടെ സകല ജോലികളെയും ഈ പള്ളിയെയും അനുഗ്രഹിക്കുമാറാകട്ടെ.

ഈ അവസരത്തിൽ മിസ്റ്റർ എ. പി. വർക്കി ഉണ്ടാക്കി ഒരു വിദ്യാർത്ഥിയെക്കൊണ്ടു ചൊല്ലിച്ച ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

൧. താവും മോദേന തന്നെ വിലസിന സിറിയൻകാർക്കൊരാധാരമാം മാർ
ദീവന്നാസ്യോസ്സെന്നഴകുപരമെഴും നാമധേയം വഹിച്ചും
കീർത്തിപ്പെട്ടങ്ങിരിക്കും വലിയ തിരുവടിക്കായുരാരോഗ്യസൌഖ്യം
സർവ്വേശൻ നൽകിടട്ടെ കരുണയോടു കടാക്ഷിച്ചു സൂക്ഷിച്ചു മേന്മേൽ.

൨. ബാലന്മാരെന്നവേകാതഴകിനൊടിവിടെക്കണ്ടെഴുന്നെള്ളി മോദാൽ
ചേലൊത്തീടുന്നൊരഗ്രാസനപദവിയതും നല്ലപോൽ സ്വീകരിച്ചും
കാലത്തിന്നൊത്തവണ്ണം ബഹുമതിയോടു വിളങ്ങുന്നൊരീ വന്ദ്യനാങ്ങോ
മാലൊട്ടും വന്നിടാതെ കരുണയോടു കടാക്ഷിക്കണേ യേശുനാഥാ.

൩. പ്രചുരമോടു വിളങ്ങും നമ്മളെ പ്രീതിയായിട്ടു
ചിതമൊടു ഭരിച്ചും മേലിലും വാണിടാനായ്
പരിചൊടു തിരുമേനിക്കായുരാരോഗ്യസൌഖ്യം
കരുണയൊടു കൊടുപ്പാൻ യേശുപാദം തൊഴുന്നേൻ.

ഒരു ക്ഷമായാചനം.

പത്രാധിപരവർകളെ!

മൂന്നനാല്ല കൊല്ലങ്ങൾക്കു മുമ്പു ഇടവകപത്രികയിൽ "ഇതൊരു ക്രിത്രമമല്ലെ" എന്നതലവാചകത്തിൽ, വേദപുസ്തകത്തിൽ നിന്നം മതോപദേശപാലനത്തിൽനിന്നം, ഒരേ വാക്യങ്ങളിൽ ചിലതിനെ എടുത്തു അവ തമ്മിലുള്ള വ്യത്യാസത്തെ ചൂണ്ടിക്കാണിക്കയും ഇതിൽ ഏതാണ വാസ്തവമായിട്ടുള്ളതു എന്ന ഞാൻ നിങ്ങളോടു ചോദിക്കയും ചെയ്തിരുന്നവല്ലൊ. അതിനു താങ്കൾ പറഞ്ഞ സമാധാനം, മതോപദേശ പാലനത്തിൽ കണ്ടതുപോലെയാണ, വേദപുസ്തകം എഴുതിയവർ എന്നും, ഇപ്പോൾ കാണുന്ന ചില മലയാള തൎജ്ജിമകളിൽ ലേഖകൻ പറയുന്നവിധം കാണുന്നുണ്ടെങ്കിലും അതിനു സമാധാനം അവരോടു ചോദിക്കേണ്ടതാണെന്നം; തൎക്കമുണ്ടെങ്കിൽ സുറിയാനി പ്ശീത്തൊ എടുത്തു നോക്കികൊള്ളണമെന്നും ആയിരുന്നവല്ലൊ. സുറിയാനിഭാഷയിൽ പരിജ്ഞാനമില്ലാത്ത എന്നെ മോഴപിരട്ടാനാണ്, താങ്കളുടെ ഈ സമാധാനമെന്നാണ്, ഞാൻ അക്കാലത്തു അതിനെക്കുറിച്ചു വിചാരിച്ചിരിക്കുന്നതു്. എന്നാൽ ഇപ്പോൾ ക്രിത്രിമം താങ്കളുടെ പക്കലല്ലെന്നു എനിക്കു പൂൎണ്ണമായി ബോധപ്പെടുകയും ക്രിത്രമിയാണെന്നു ഞാൻ താങ്കളെപ്പറ്റി വിചാരിക്കയും പ്രസ്താവിക്കയും ചെയ്തതിനു ക്ഷമായാചനം ചെയ്തുകൊള്ളുകയും ചെയ്യുന്നു. എന്തെന്നാൽ "ഉപവാസത്താലും പ്രാൎത്ഥനയാലും അല്ലാതെ ഈ ജാതിപുറപ്പെട്ടുപോകുന്നതല്ല" എന്നു ബൈബിൾ സോസയററിക്കാർ മുമ്പു അച്ചടിപ്പിച്ച പുതിയ നിയമത്തിൽ ഞാൻ കണ്ടിട്ടുണ്ടു്. ഇപ്പൊഴത്തെ (൧൮൦൭ലെ) പുതിയ തൎജ്ജിമയിൽ "പ്രാൎത്ഥനയാലല്ലാതെ ഈ ജാതി പുറപ്പെട്ടു പോകുന്നതല്ല" എന്നു മാത്രമെ കാണുന്നുള്ളു. മുമ്പു അച്ചടിച്ച പുസ്തകങ്ങളിൽ "ഉപവാസത്താലും" എന്ന വാചകം പിശകായി ചേൎത്തുപോയതൊ ഇപ്പൊഴത്തേതിൽ മനഃപൂൎവ്വം അതിനെ ഉപേക്ഷിച്ചുകളഞ്ഞതൊ എന്നു അറിഞ്ഞുകൂടാ. മുമ്പു അച്ചടിച്ചതിൽ പ്രസ്തുതവാചകം കൂടുതലായി ചേൎത്തുപോയതാണെന്നാണ് പറവാൻ ഭാവമെങ്കിൽ, അത്രവിശ്വസിക്കാനും തരമില്ലാതെയാണ് തീൎന്നിരിക്കുന്നതു്. എന്തെന്നാൽ "മരിച്ചവൎക്കു വേണ്ടി" എന്നതു "മരിച്ചവർ നിമിത്തം" എന്നും "വല്ല വിധവയ്ക്കും" എന്നതു "വല്ലവൎക്കും" എന്നും "ഉപവാസത്താലും പ്രാൎത്ഥനയാലും" എന്നതു "പ്രാൎത്ഥനയാൽ" എന്നും ഇങ്ങനെ സുറിയാനിവിശ്വാസങ്ങൾക്കു അടിസ്ഥാനമായ ചില വാചകങ്ങൾതന്നെ ബൈബിൾസോസയററിക്കാരുടെ വേദപുസ്തകങ്ങളിൽ മുമ്പു പിശകായി ചേൎത്തുപോയി എന്നും, മറ്റുള്ള ക്രിസ്തീയ സഭാശാഖകളുടെ വേദപുസ്തകങ്ങളിൽ ആ വക വാചകങ്ങൾ അതെ സ്ഥിതിയിൽ തന്നെ ഇരിക്കുന്നു എന്നും വരാവുന്നതല്ലെന്നാണ് എന്റെ സാമാന്യ ബുദ്ധിയിൽ തോന്നുന്നതു്.

മുമ്പു ഞാൻ വായിച്ചുകണ്ട പുസ്തകങ്ങളിൽ ഉണ്ടായിരുന്നതു പോലെയൊ, അതൊ ഇപ്പഴത്തെ പുസ്തകത്തിൽ കാണുന്നതുപോലെയൊ വേദപുസ്തകം എഴുതിയവർ എഴുതിയതു എന്നു കൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

കക്ഷിരിവിക്രമൻ.

കുരിശിന്റെ വൈരികൾ.

ഇംഗ്ലണ്ടിൽ ആണ്ടുതോറും ആംഗ്ലിക്കൻ സഭയിൽ ഉൾപ്പെട്ട എപ്പിസ്കോപ്പൽകാരും ചേൎന്ന ഓരൊ പ്രധാന പട്ടണങ്ങളിൽ വെച്ചു നടത്തിവരാറുള്ള ചൎച്ചുകൊൺഗ്രസ് എന്നു പേരുള്ള ലിവൎസംഘത്തിന്റെ ഈയാണ്ടത്തെ യോഗം ഈയിട ലിവർപൂൾ പട്ടണത്തിൽ കൂടുക ഉണ്ടായി. ഇംഗ്ലണ്ടിലെ പ്രധാന പട്ടണങ്ങളിൽ വെ... പ്രൊട്ടസ്റ്റാന്റുകാരുടെ പ്രാബല്യം അധികം ഉള്ളതു ലിവർപൂ... പട്ടണത്തിൽ ആണ. കോൺഗ്രസിന്റെ ആരംഭദിവസം സഭ... ശാലയിൽനിന്നു അവിടത്തെ പ്രധാന പള്ളിയിലേക്കു ...

കുരിശു മുതലായ ആഡംബരങ്ങളോടു കൂടി ബിഷോപ്പന്മാരും പാതിരിമാരും ചേൎന്നു ഒരു ഘോഷയാത്ര പതിവുണ്ടു. ഈ ഘോഷയാത്ര പുറപ്പെട്ടു ലിവർപൂളിലെ പ്രധാന വീഥികളിൽകൂടെ പൊയ്ക്കൊണ്ടിരുന്ന സമയം ഏതാനും ആളുകൾ കൂടി കലാപം ഉണ്ടാക്കുവാൻ ശ്രമിച്ചു. എങ്കിലും പോലിസുകാരുടെ സാമൎത്ഥ്യംകൊണ്ടു പ്രദക്ഷിണം മംഗളമായിത്തന്നെ പൎയ്യവസാനിച്ചു. ലിവർപൂൾ വീഥികളിൽ ഇങ്ങനെ കുരിശു കൊണ്ടുനടക്കാൻ സംഗതി വന്നല്ലൊ എന്നു പറഞ്ഞു കുരിശിന്റെ വൈരികൾ പരിതപിച്ചു കഴിഞ്ഞതേയുള്ളു. മുപ്പതു സംവത്സരം മുമ്പ കുരിശും കൊണ്ടുള്ള പ്രദക്ഷിണം ലിവർപൂൾപട്ടണത്തിൽ അസാദ്ധ്യമായിരുന്നു എന്നാണു ഗാൎഡിയൻ മുതലായ ആംഗ്ലിക്കൻ പത്രങ്ങൾ പറയുന്നതു. പ്രൊട്ടസ്റ്റാൻറു കക്ഷിയുടെ ശക്തി ഇപ്പോഴും അവരുടെ സങ്കേതമെന്നപോലെയിരിക്കുന്ന ലിവർപൂളിൽ തന്നെ ഇത്രയും ക്ഷയിച്ചിട്ടുണ്ടെന്നു കാണുന്നതു വളരെ ആശ്വാസജനകമാണല്ലൊ. കോൺഗ്രസിന്റെ യോഗത്തോടു ചേൎന്നു ആംഗ്ലിക്കൻ സഭയിൽതന്നെ ഉൾപ്പെട്ട ഏസ്. പി. ജി. മിഷ്യൻ വക ഒരു യോഗം നടന്നു. ആ സഭായോഗത്തിന്റെ അഗ്രാസനസ്ഥൻ ലിവർപൂളിലെ ബിഷോപ്പായിരുന്നു.

യോഗം ആരംഭിച്ചു കഴിഞ്ഞതിന്റെ ശേഷം സഭ കൂടിയിരുന്ന ശാലയുടെ മദ്ധ്യത്തിൽനിന്നു ചിലർ സംസാരിപ്പാൻ ശ്രമിച്ചു. മാഹാത്മ്യമേറിയതും പരിശുദ്ധവുമായ ഉദ്ദേശത്തോടുകൂടി നടത്തുന്ന ഈ യോഗത്തിനു അപമാനകരമായ വാഗ്വാദങ്ങൾ ഒന്നും പ്രവൃത്തിക്കാതിരിക്കണമെന്നു അഗ്രാസനസ്ഥൻ അപേക്ഷിച്ചു എങ്കിലും പ്രയോജനമൊന്നുമുണ്ടായില്ല. ക്രമവിരോധം കാണിക്കുന്നവരെ പിടിച്ചു വെളിക്കിറക്കും എന്നും അടങ്ങിയിരുന്നാൽ അവിടെ ഇരുന്നുകൊള്ളുന്നതിനു വിരോധമില്ലെന്നും വീണ്ടും പറഞ്ഞതിനോടു കൂടെ ഒന്നു ശമിച്ചു നടപടികൾ ആരംഭിച്ചതിന്റെ ശേഷം ഈ വികൃതികൾ ചിലരുടെ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ കടന്നു സംസാരിച്ചു അലോഹ്യമുണ്ടാക്കിക്കൊണ്ടിരുന്നു. ഒടുവിൽ മഡഗാസ്കറിലെ ബിഷോപ്പു പ്രസംഗം ആരംഭിച്ച സമയം സഭയിൽ ഇവർ വലിയ കഴപ്പ ഉണ്ടാക്കിത്തീൎത്തു. ഓരോ വികൃതസ്വരം പുറപ്പെടുവിക്കയും കൂകുകയും "അവൻ റോമായിൽ പോകട്ടെ,, ജസ്വിറ്റു, ദ്രോഹി," അവന്റെ കുരിശു പറിച്ചുവിടു എന്നെല്ലാം പറഞ്ഞു ബിഷോപ്പിനെ കഠിനമായി അധിക്ഷേപിച്ചു. ഇതിനെല്ലാം മുഖ്യകാരണമായിത്തീൎന്നതു ക്രിസ്ത്യാനികളായ സകല മേല്പട്ടക്കാരും ചെയ്യു പതിവുള്ളതുപോലെ" നശിച്ചുപോകുന്നവൎക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കു ദൈവത്തിന്റെ ശക്തിയും "ആണെന്നു മാർ പൌലുസ്ലീഹാ പറഞ്ഞിരിക്കുന്ന നമ്മുടെ രക്ഷയുടെ ആയുധമായ കുരിശു ആ ബിഷോപ്പു" കഴുത്തിൽ ധരിച്ചിരുന്നതാണെന്നു പ്രത്യക്ഷമാണു. അഗ്രാസനസ്ഥനായിരുന്ന ലിവർപൂൾ ബിഷോപ്പു ഇതു കേട്ടിട്ടു അവരെപ്പററി താൻ ലജ്ജിക്കു

ന്നു എന്നും അന്ത്യദേശമായ മഡഗാസ്കറിൽനിന്നു ഇത്ര ദൂരം വന്നു ഒരാളിനോടു ചെയ്യുന്നതും പ്രവൃത്തി എത്ര കഷ്ടമായിരിക്കുന്നു എന്നും മറ്റും പറഞ്ഞതിനു "അവൻ വന്ന വഴിതന്നെ പോകട്ടെ. അവന്റെ കഴുത്തിൽ ആ കുരിശു കാണുന്നതേ ഉള്ളൂ" എന്നു ആ കുരിശിന്റെ വൈരികൾ വിളിച്ചു കൂകി. ഈ സമിതിക്കു യോഗം നടത്താൻ പ്രയാസമെന്നു കാണുകയാൽ അഗ്രാസനസ്ഥൻ താഴെ വന്നപ്രകാരം പറഞ്ഞു.

"നിങ്ങൾ ക്രമമായിട്ടിരുന്നാൽ മുൻനിശ്ചയപ്രകാരമുള്ള പ്രസംഗികന്മാർ പറഞ്ഞുകഴിയുമ്പോൾ നിങ്ങൾക്കു സംസാരിക്കുന്നതിനു അനുവാദം തരാമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നുവല്ലൊ. ഇനിക്കു നിങ്ങളെക്കുറിച്ചു ലജ്ജയായിരിക്കുന്നു. ഇങ്ങനെ സ്വാതന്ത്ര്യത്തെയും പ്രൊട്ടസ്റ്റാന്റുമതത്തെയും പുലർത്താമെന്നാണൊ നിങ്ങളുടെ വിചാരമെങ്കിൽ ആ വിചാരം അബദ്ധമാണ്. നിങ്ങളുടെ ബിഷോപ്പു എന്നു ഉള്ള നിലയിൽ ലിവർപൂൾ ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം എന്താണെന്നെനിക്കറിയാം. നിങ്ങളുടെ അതിരുകടന്ന ഈ പ്രവൃത്തിമൂലം പ്രൊട്ടസ്റ്റാന്റു എന്നുള്ള മഹത്തായ പേരു നിങ്ങൾ ദൂഷ്യമാക്കിയിരിക്കുന്നു." അനന്തരം മഡഗാസ്കറിലെ ബിഷോപ്പിനു ചിയേഴ്സു പാടുകയും സഭയിൽ ഉണ്ടായിരുന്ന ഭൂരിപക്ഷം ജനങ്ങൾ സന്തോഷസൂചകമായി ആർപ്പു വിളിക്കുകയും ചെയ്തു സഭ പിരിഞ്ഞു.

"ക്രിസ്തുവിന്റെ കുരിശുനിമിത്തം ഉപദ്രവിക്കപ്പെട്ടു"വാൻ സംഗതിയായതുകൊണ്ടു ഒരു ബഹുമാനമാണെന്നു മാത്രമെ ആ ബിഷോപ്പു കരുതാൻ ഇടയുള്ളുവെങ്കിലും പ്രൊട്ടസ്റ്റാന്റുകാർക്കു കുരിശിനോടുള്ള വിരോധത്തിന്റെ ശക്തി ഇതുമൂലം നല്ലപോലെ പ്രത്യക്ഷമാകുന്നുണ്ടു.

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്തു.

(൪൫)

നമ്മുടെ മലങ്കര ഇടവകയിൽ സുവിശേഷവേലക്കായി അനുവാദം കിട്ടിയിട്ടുള്ളവരും അതിനായി ആഗ്രഹിക്കുന്നവരുമായ എല്ലാവരും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വു.

നമ്മുടെ സഭയിൽ പലരായി ചെയ്തുവരുന്ന സുവിശേഷ വേലക്കു ഐക്യരൂപ്യം വരുത്തുന്നതിനും ആ ദിവ്യ വേലയെ ഉത്തമരീതിയിൽ നടത്തുന്നതിനും പണസംബന്ധമായ പ്രയാസങ്ങൾക്കു നിവൃത്തിമാർഗ്ഗം ആലോചിക്കുന്നതിനും മറ്റുമായി മലങ്കര സഭയിലുള്ള സുവിശേഷകന്മാരുടെ ഒരു പൊതുയോഗം അടുത്ത മകരമാസത്തിൽ (തീയതി നിശ്ചയിച്ചു പിന്നാലെ പ്രസിദ്ധം ചെയ്യുന്നതാണ്) മാവേലിക്കരെ വച്ചു നടത്തുന്നതിനു അവിടുത്തെ യാക്കോബായ സുറിയാനി ക്രിസ്ത്യാൻ പ്രാർത്ഥനായോഗക്കാർക്കു ആഗ്രഹമുള്ളപ്രകാരം അവർ നമ്മെ അറിയിക്കയും അവരുടെ ആലോചനയെ നാം സന്തോഷപുരസ്സരം അംഗീകരിക്കയും ചെയ്തിരിക്കകൊണ്ടു നിങ്ങൾ എല്ലാവരും വരുന്ന ധനുമാസം ൧൫-ാം നു-ക്കകം നിങ്ങളുടെ പേരുവിവരവും മറ്റും മാവേലിക്കരെ തഴക്കര സി. ഒ. ഉമ്മൻ ഉപദേശിയെ അറിയിക്കയും യോഗത്തിനു ഹാജരാകയും

ചെയ്യണമെന്നു ഇതിനാൽ നാം നിശ്ചയിക്കുന്നു. അനാവശ്യ ഒഴിവുകഴിവുകൾ പറഞ്ഞു ഇതിൽ ചേരാതെയിരിക്കുന്നവൎക്കു സുവിശേഷപ്രസംഗത്തിനുള്ള അനുവാദം ഇല്ലാതെ ആയിപ്പോയി എന്നും വന്നേക്കാവുന്നതാണ.

നമ്മുടെ കൎത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടി ഇരിക്കുമാറാകട്ടെ.

എന്ന ൧൦൮൩-ാം കൊല്ലം ൧൯൦൭ തുലാം ൨൮-ന്നു
ചേപ്പാട്ടു പള്ളിയിൽ നിന്നും.

പ്രത്യേക പരസ്യം.

☞ ഉപദേശികളുടെ യോഗം

മാവേലിക്കര യാക്കോബായ സുറിയൻ ക്രിസ്ത്യൻ പ്രാൎത്ഥനായോഗത്തിൽ നിന്നും സുവിശേഷവേലക്കാരായി കൈവെപ്പു കിട്ടിയിട്ടുള്ളവരും, അതിനു അൎഹന്മാരായി അല്പസ്വല്പം വേല ചെയ്യുന്നവരുമായി, അനേകം പേരും ഉണ്ടു. എന്നാൽ ഇവർ ഏക സഭയിൽ ഉൾപ്പെട്ടവരാണെങ്കിലും തമ്മിൽ പരിചയമൊ, തങ്ങളുടെ വേലയുടെ അഭിവൃദ്ധിക്കുവേണ്ടി പൊതുവായി കൂടി ആലോചനയൊ ഇതേവരെയും ഉണ്ടായിട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

കാലാവസ്ഥയെ കുറിച്ചു ആലോചിക്കുന്നതായാൽ നമ്മുടെ സമുദായത്തിൽപെട്ട ഉപദേശിമാർ ഒത്തൊരുമിച്ചു തൽകാല സ്ഥിതിക്കനുരൂപമായി, അകമേയും പുറമേയും വേല ചെയ്യേണ്ടിയിരിക്കുന്നു. അതിനായി മേൽ പറയപ്പെട്ടവരുടെ ഒരു പൊതുയോഗം മകരമാസം ൨൭-നു തിങ്കളാഴ്ച (മലയാളം കണക്കിൽ) മാവേലിക്കര വച്ചു നടത്തണമെന്നു ഞങ്ങൾ ആഗ്രഹിച്ചിരിക്കുന്നതിനാൽ മാന്യസഹോദരങ്ങൾ തങ്ങളുടെ പേരും മേൽവിലാസവും, ധനുമാസം ൧൭-നു-കകം ആയി താഴെ പേരെഴുതിയിരിക്കുന്നവരിൽ ആരെ എങ്കിലും അറിയിക്കണം. അതിന്റെ ശേഷമായി കാൎയ്യപരിപാടിയും മറ്റും പത്രങ്ങൾ വഴിയായും പ്രത്യേകം പ്രത്യേകമായും അറിയിച്ചുകൊള്ളാവുന്നതുമാകുന്നു.

ഞങ്ങളെ മുൻപു കൂട്ടി അറിയിക്കാത്തവരെ ക്ഷണിച്ചതായി ഞങ്ങൾ വിചാരിക്കുന്നതല്ലാ.

ആളാംപ്രതി എല്ലാവൎക്കും പത്രിക ഇല്ലാതെ ഇരിക്കാവുന്നതുകൊണ്ടു, മലങ്കരയുള്ള എല്ലാ ഇടവകകളിലേയും ബ: അച്ചന്മാർ ദയവു ചെയ്തു ഉപദേശിമാരെ ഈ കാൎയ്യം പ്രത്യേകം അറിയിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

എന്നു ആജ്ഞാനുസരണം.
നിൎവ്വാഹകസംഘക്കാർ.

മാവേലിക്കര കല്ലറക്കൽ സി. ഒ. ഉമ്മൻ ഉപദേശി (ഒപ്പ)
" മണക്കാട്ടു തട്ടാശെരിൽ റവി. ഡി. ശമുയേൽ (ഒപ്പ)
" പുതിയകാവു കല്ലുംപുറത്തു സി. ഐ. തോമസ (ഒപ്പ)

സുറിയാനി ഭാഷാവിഷയ റിപ്പോൎട്ടു.

(൧൯൦൭ തുലാം ൨൪-ാം നു പരുമലെ സിമ്മനാരിയിൽ കൂടിയ വൈദീകസംഘത്തിൽ വച്ചുണ്ടായ മാർ ഗ്രീഗോറിയോസു സ്മാരകമുദ്ര ദാനത്തിങ്കൽ സുറിയാനി വിദ്യാഭ്യാസ കമ്മട്ടി പ്രസിഡെണ്ടു ദിവ്യശ്രീ ഗീവറുഗീസുറമ്പാച്ചൻ അവൎകൾക്കുവേണ്ടി ഇലവിനാമണ്ണിൽ സ്കറിയാകത്തനാർ വായിച്ച റിപ്പോൎട്ടു).

സൃഷ്ടിപ്പുമുതൽ ലോകത്തിന്റെ സംസാരഭാഷയായിരുന്നിട്ടുള്ളതും യേശുമിശിഹാ തന്റെ ഇഹലോക വാസനാളുകളിൽ സംസാരിച്ചിട്ടുള്ളതും അപ്പോസ്തോലിക സഭയാൽ ആദരിക്കപ്പെട്ടിരിക്കുന്നതു

ആധുനിക പണ്ഡിതന്മാരായ പാശ്ചാത്യന്മാരാൽ പോലും ബഹുമാനിക്കപ്പെടുന്നതുമായ സുറിയാനിഭാഷയുടെ തല്ക്കാലസ്ഥിതിയെപറ്റിയുള്ള ഒരു ചുരുങ്ങിയ വിവരണം ൟ റിപ്പോൎട്ടു മുഖേന പ്രസ്ഥാവിക്കുന്നതാകയാൽ അതിലേക്കു മാന്യസഭാവാസികളുടെ സശ്രദ്ധമായ കേൾവിയെ അപേക്ഷിച്ചുകൊള്ളുന്നു. മനുഷ്യന്റെ ഐശ്വൎയ്യാഭിവൃദ്ധികൾക്കെല്ലാം അടിസ്ഥാനമായിരിക്കുന്ന വിദ്യാഭ്യാസം ഏതെങ്കിലും ഭാഷാമാൎഗ്ഗേണ അല്ലാതെ ലഭ്യമാക്കുവാൻ കഴിയാത്തതുകൊണ്ടും അന്യോന്യസംസൎഗ്ഗത്തിനും ഐഹികജീവിതത്തിനും ഭാഷ അത്യന്താപെക്ഷിതമായിരിക്കുന്നതുകൊണ്ടും എല്ലാ ഭാഷകളും പൊതുവിൽ ബഹുമാനിക്കപ്പെടേണ്ടതുതന്നെ. എങ്കിലും സുറിയാനി മാതൃഭാഷയായിരിക്കുന്ന നമുക്കു അതിന്റെ നേരെ വിശേഷവിധിയായ ബഹുമാനത്തിനു അവകാശമുള്ളതാകുന്നു. ഹിന്ദുക്കൾക്കു സംസ്കൃതവും മഹമ്മദീയൎക്കു അറബിയും മതസംബന്ധമായ കൎമ്മാനുഷ്ഠാനങ്ങൾക്കു അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ സുറിയാനിക്കാരായ നമുക്കു മതസംബന്ധമായ എല്ലാ കൎമ്മങ്ങൾക്കും സുറിയാനിഭാഷ ഒഴിച്ചുകൂടാത്ത ആവശ്യമാകുന്നു. ഏതെങ്കിലും ഭാഷയിൽ നിന്നു അന്യഭാഷയിലോട്ടു തൎജ്ജമ ചെയ്യുമ്പോൾ മൂലത്തിലുള്ള അൎത്ഥപുഷ്ടി പൂൎണ്ണമായി വരുത്തുന്നതു അസാദ്ധ്യമെന്നു എതു ഭാഷാപരിഭാഷികളും സമ്മതിക്കുന്ന സ്ഥിതിക്കു പരിഭാഷയെ സ്വീകരിച്ചുകൊണ്ടു മൂലം ഉപേക്ഷിച്ചുകളയാമെന്നു വെക്കുന്നതിനും തരമില്ല. ഭാഷാസമ്പത്തുകളെക്കുറിച്ചു വിചാരിക്കുന്നതായാൽ അധികം പ്രചാരത്തിൽ വന്നിട്ടില്ലെങ്കിലും വിലയേറിയ അസംഖ്യം രത്നങ്ങളും മുത്തുകളും അടങ്ങിയിരിക്കുന്ന ഒരു വലിയ ഭണ്ഡാരം തന്നെയാകുന്നു സുറിയാനിഭാഷായെന്നതിനു സംശയമില്ല. ശാസ്ത്രീയങ്ങളായ അനേകവിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ സുറിയാനിയിൽ ധാരാളമുണ്ടു. ആത്മീയങ്ങൾ ഇതരഭാഷകളിൽ വല്ലതും ഉണ്ടെങ്കിൽ അതു അധികവും സുറിയാനിയിൽനിന്നു കിട്ടീട്ടുള്ളതായിരിക്കും. ഏതാദൃശങ്ങളായ മാഹാത്മ്യങ്ങളെല്ലാം സുറിയാനി ഭാഷക്കുണ്ടായിരുന്നാലും നമ്മുടെ നാട്ടിൽ അതിനെ അഭ്യസിക്കുന്നവർ വൈദികന്മാർ മാത്രമാണു. ൟ ഒരു അവസ്ഥ ഏറ്റം ശോചനീയവും സുറിയാനിക്കാർ എന്നുള്ള നാമകരണത്തെ അയുക്തികമാക്കുന്നതും ആകുന്നു. അതിനാൽ സുറിയാനി സഭാംഗങ്ങൾ ഒക്കെയും ഏറെക്കുറെ തങ്ങളുടെ മാതൃഭാഷ അഭ്യസിച്ചിരിക്കേണ്ടതാണു. പട്ടക്കാർ അഭ്യസിക്കുന്നതുതന്നെയും കേവലം നിത്യോപയുക്തങ്ങളായ പ്രാൎത്ഥനാക്രമങ്ങളും പള്ളിക്രമങ്ങളും മാത്രം അഭ്യസിക്കും. സുറിയാനിഭാഷാപരിജ്ഞാനം ഏകദേശമായിട്ടെങ്കിലും ഉള്ള പട്ടക്കാർ നമ്മുടെ ഇടയിൽ വളരെ ചുരുക്കമാകുന്നു.

അടുത്ത കാലത്തും നമ്മുടെ പരിചയത്തിലും ഉള്ള ആളുകളിൽ വെച്ചു സുറിയാനിഭാഷയിൽ അനിതരസാധാരണമായ സാമൎത്ഥ്യവും അസാമാന്യപ്രതിപത്തിയും ഉണ്ടായിരുന്ന ആളായ കാലം ചെയ്ത

മ്മുടെ കൊച്ചുതിരുമേനി സുറിയാനി ഭാഷാ പണ്ഡിതന്മാരിൽ ഒട്ടും അപ്രധാനനല്ലാ എന്നു സൎവ്വസമ്മതമാണല്ലൊ. അദ്ദേഹത്തിന്റെ അകാല വിയൊഗം അനേകം സദുദ്ദേശങ്ങളെ കാംക്ഷിച്ചിരുന്ന പലരെയും ഭഗ്നാശയന്മാരാക്കിത്തീൎത്ത പ്രകാരം സുറിയാനി ഭാഷാഭിലാഷികളേയും സന്താപസാഗരത്തിൽ നിമഗ്നരാക്കിയെന്നല്ലാതെ എന്തു പറയേണ്ടു.

എന്നാൽ മലങ്കര സുറിയാനിസഭയ്ക്കു ഇപ്പോൾ ഉണ്ടെന്നു വിചാരിക്കുന്ന എല്ലാ അഭ്യുദയങ്ങൾക്കും കാരണഭൂതനും സമുദായോന്നതിക്കായി തന്റെ വാൎദ്ധക്യജീവിതത്തെക്കൂടെയും വിനിയോഗിച്ചുകൊണ്ടിരിക്കുന്ന ആളും ആയ നമ്മുടെ വലിയ തിരുമേനി തന്റെ അശ്രാന്തപരിശ്രമങ്ങൾക്കിടയിൽ സുറിയാനിപഠിത്വകാൎയ്യത്തിലും അതിയായ ശ്രദ്ധ പതിച്ചിട്ടുണ്ടെന്നുള്ളതു ഏറ്റവും സന്തോഷാവഹം തന്നെ. കുറച്ചുകാലങ്ങൾക്കുമുമ്പു സുറിയാനി പഠിക്കുന്നതിനു ആവശ്യപ്പെടുന്ന ശെമ്മാശന്മാർ ഓരൊ പട്ടക്കാരുടെ ഗൃഹങ്ങളിൽ പൊയി അവരുടെ സമയവും സൌകൎയ്യവും കാത്തു കിടന്നു തങ്ങൾക്കു അത്യാവശ്യമെന്നു തോന്നുന്ന ചില ശുശ്രൂഷക്രമങ്ങളെ മാത്രം കഷ്ടിച്ചു പഠിച്ചുകൊണ്ടു പിരികയും ആദ്യം ഏല്പ്പെടുന്ന ആളിന്റെ അടുക്കൽ അതിനു തരമില്ലാതെ വന്നാൽ വേറെ ഒരിടത്തു ചെന്നു വശമാകയും അങ്ങിനെ ചുററിനടക്കയും അധികസമയവും വൃഥാ ചിലവഴിക്കയുംചെയ്ക ആയിരുന്നു പതിവു. എന്നാൽ കോട്ടയത്തു സിമ്നാരിയിൽ കാലംചെയ്തിരിക്കുന്ന പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ അവൎകൾ സമുദായത്തിന്റെ ഈ കഷ്ടാവസ്ഥയെ കണ്ടു ദൈവികഭക്തി വൈരാഗ്യത്തിൽ ജ്വലിച്ചുകൊണ്ടു കോട്ടയത്തു സിമ്നാരി പണിയിക്കയും പഠിത്വം നടത്തുകയുംചെയ്തുവന്നിരുന്നു. പിൻകാലത്തു മറുവിപരീതികളായ അധികാരികൾക്കു സിമ്മനാരിയിൽ പ്രവേശനം കിട്ടുകയും അവർ സത്യസഭയുടെ നിയമത്തിനും വിശ്വാസത്തിനും എതിരായുള്ള പഠിത്വങ്ങൾ നടത്തുകയും ചെയ്കയാൽ സത്യസഭാമക്കൾ പൂൎവസ്ഥിതിയിൽ പിന്നെയും അലഞ്ഞുനടക്കേണ്ടതായിട്ടത്രെ വന്നുകൂടിയതു.

എന്നാൽ കാലംചെയ്ത കൊച്ചുതിരുമേനി ഈ സ്ഥലത്തു വന്നു പഠിത്വം ആരംഭിച്ചതുമുതൽ ആ സ്ഥിതി ഒന്നു ഭേദപ്പെടുകയും പഠിക്കണമെന്നു മനസ്സും താല്പൎയ്യവുമുള്ളവൎക്കു വേണ്ട സൌകൎയ്യം ലഭിക്കയും അതിന്റെ ഫലം ഇപ്പൊൾ അനുഭവത്തിൽ ആകുകയും ചെയ്തിട്ടുണ്ടു. പിന്നീടു കോട്ടയത്തു സിമ്നാരി എതൃകൈവശത്തിൽ നിന്നും നമുക്കു ആധീനപ്പെട്ടതിന്റെ ശേഷം ഒന്നുരണ്ടു കൊല്ലത്തേക്കു പഠിത്വക്രമമായി നടത്തിവന്നു എങ്കിലും സമുദായത്തിന്റെ ദാരിദ്ര്യാവസ്ഥ അതിനു പ്രതിബന്ധമായി ഭവിക്കയാലും മററും ഇടക്കാലത്തു മുടങ്ങിപ്പോകുന്നതിനു സംഗതിയായി. അതിന്റെ ശേഷവും ഇവിടെ ക

ച്ചുകാലത്തേക്കു പാഠിത്വം നടത്തിയിട്ടുണ്ടു. വടക്കെ ദിക്കിൽ വെട്ടിക്കൽ ദയറായിൽ കുറെനാൾ പാഠിത്വം നടത്തുകയും നി. വ. ദി. ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അടുക്കൽ ഏതാനും ശെമ്മാശന്മാർ താമസിച്ചു പഠിക്കയും ചെയ്തിരുന്നതുകൂടാതെ പാമ്പാക്കുടയുള്ള പാഠിത്വം തുടർച്ചയായി നടന്നുവരുന്നുമുണ്ടു. ഇപ്പോൾ ഇവിടെയും കോട്ടയത്തു സിമ്മനാരിയിലും പാമ്പാക്കുടെയും പാഠിത്വം നടത്തിവരുന്നു. കോട്ടയത്തു സിമ്മനാരിയിൽ ഇപ്പോൾ നടന്നുവരുന്നതായ പഠിത്വം ആവത്തിച്ചിട്ടു എട്ടു കൊല്ലം ആകയും അന്നുമുതൽ തുടൎച്ചയായി നടന്നുവരികയും ശെമ്മാശന്മാരുടെ സംഖ്യ നാൾക്കുനാൾ വൎദ്ധിച്ചുവരികയും പാഠത്തിന്റെ രീതി അഭിവൃദ്ധിപ്പെട്ടുവരികയും ചെയ്തിട്ടുണ്ടെന്നും തൽക്കാല സ്ഥിതി ഒരുവിധം തൃപ്തിപ്പെടത്തക്കതുതന്നെയാണെന്നും പ്രസ്താവിക്കുന്നതു ഒട്ടും അതിശയോക്തിയല്ല. സുറിയാനിയും ഇംഗ്ലീഷും പഠിക്കുന്നവരായ ൭ ശെമ്മാശന്മാർ ഇപ്പോൾ സിമ്മനാരിയിൽ ഉണ്ടു. സുറിയാനി ഭാഷയിൽ നവീനസമ്പ്രദായമനുസരിച്ചുള്ള പാഠപുസ്തകങ്ങൾ ഇപ്പോൾ ഉണ്ടാക്കീട്ടുള്ളതും ഭാഷാഭ്യസനത്തെ വളരെ സുഗമമാക്കിത്തീൎക്കുന്നതാകുന്നു. ഇനി പറവാനുള്ളതു സ്മാരകപരീക്ഷയെ സംബന്ധിച്ചാണു. ഇതു കാലം ചെയ്ത നമ്മുടെ വന്ദ്യപിതാവിന്റെ സ്മാരകമായി സുറിയാനിയിൽ ഒരു ഉയൎന്നതരം പരീക്ഷ നടത്തിയിട്ടു അതിൽ ഒന്നാമനായി ജയിക്കുന്ന ആൾക്കു ഒരു സ്വൎണ്ണമുദ്ര സമ്മാനമായി കൊടുക്കാമെന്നു മുളന്തുരുത്തി പള്ളിക്കാർ നിശ്ചയിച്ചതനുസരിച്ചു നടത്തിവരുന്ന ഒരു പരീക്ഷയാണു. ടി. പരീക്ഷയ്ക്കു പാഠവിവരങ്ങൾ നിശ്ചയിക്കുക, പരീക്ഷകന്മാരെ നിയമിക്കുക, പരീക്ഷ നടത്തുക മുതലായി ഇതിലേക്കു ആവശ്യപ്പെട്ട എല്ലാ കാൎയ്യങ്ങളും യഥോചിതം പ്രവൃത്തിക്കുന്നതിനു വേണ്ടി മലങ്കര മല്പാൻ വ. ദി. ശ്രീ. ഗീവറുഗീസു റമ്പാച്ചൻ അവർകളെയും വ. ദി. ശ്രീ. ഒ ന്തൂസു റമ്പാച്ചൻ അവർകളെയും ദിവ്യശ്രീ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാരവർകളെയും ഒരു കമ്മട്ടിയായി നിശ്ചയിക്കയും അവർ മുഖാന്തിരം നടത്തപ്പെടുകയും അത്രെ ചെയ്തിട്ടുള്ളതു. ഇതിലേക്കു ടി. പള്ളിക്കാരുടെ പ്രതിപുരുഷൻ എന്ന നിലയിൽ പള്ളിക്കാൎക്കു നല്ല ആലോചനയും പൊതുഗുണകാംക്ഷികളും ഔദാൎയ്യപ്രിയന്മാരുമായ പലൎക്കും നല്ല ദൃഷ്ടാന്തവും കൊടുക്കയും തന്റെ മാനേജമെന്റിൽ ഉത്തമരീതിയിൽ നടത്തപ്പെടുന്ന ഇംഗ്ലീഷു പള്ളിക്കൂടം മൂലം വിദ്യാഭിവൃദ്ധിയിൽ തനിക്കുള്ള ഉൽക്കണ്ഠയെ പ്രദൎശിപ്പിക്കയും ചെയ്തിട്ടുള്ള ആളായ ബഹുമാനപ്പെട്ട ചാലിൽ കൊച്ചുകോര അവർകളെപ്പോലെ ഓരോ ഇടവകകളിൽ പ്രധാനികളായുള്ളവർ ശ്രമിക്കുന്നതായാൽ അതു സമുദായത്തിനു ഏറ്റവും ശ്രേയസ്കരമായിരിക്കുമെന്നുള്ളതു സ്മരണീയമാണു.

തിരുമേനിയുടെ സ്മാരകമായി ഓരോരുത്തർ ഓരോന്നാക്കെ പ്രവൃത്തിക്കയൊ ആലോചിക്കയൊ ചെയ്തിട്ടുണ്ടായിരിക്കാം. എല്ലേ

നല്ലതുതന്നെ എന്നാൽ ആരുടെ നാമത്തിൽ സ്മാരകം ഏൎപ്പെടുത്തുന്നുവൊ ആ ആളിന്റെ സ്ഥിതികനുസരണമായിട്ടത്രെ സ്മാരകസ്വരൂപം നിൎണ്ണയിക്കുന്നതു. നമ്മുടെ പട്ടക്കാർ എല്ലാവരും സുറിയാനിഭാഷ നല്ലവണ്ണം അഭ്യസിക്കയും, തന്മൂലം അവർ മതസംബന്ധമായ കാൎയ്യങ്ങളിൽ വിശ്വാസവും ഭക്തിയും ഉള്ളവരായി തീൎന്നിട്ടു ജനങ്ങൾക്കു ഉത്തമ മാൎഗ്ഗദൎശികളായി ഭവിക്കയും അങ്ങിനെ സഭ മുഴുവനും ഭക്തിയിൽ വളൎന്നും വൎദ്ധിച്ചും വരികയും ചെയ്യേണമെന്നുള്ളതു തന്റെ ഐഹിക ജീവിതത്തിന്റെ പ്രഥമൊദ്ദെശ്യമായി പ്രവൃത്തിച്ചുകൊണ്ടിരുന്ന ആ യഥാൎത്ഥ ഭക്തന്റെ സ്മാരകമായി സുറിയാനി ഭാഷാഭിവൃദ്ധിക്കു ഉപയുക്തമായ വിധത്തിൽ മേൽ പ്രസ്താവിച്ച പ്രകാരം പരീക്ഷ നടത്തുകയും സ്വൎണ്ണമെഡൽ സമ്മാനം കൊടുക്കയും ചെയ്യണമെന്നു നിശ്ചയിച്ച മുളന്തുരുത്തി പള്ളിക്കാരുടെ മഹാ മനസ്കതയും സമുദായക്ഷേമ കാംക്ഷയും ഔദാൎയ്യതല്പരതയും തിരുമേനിയുടെ സ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മഗ്രാഹിത്വവും സൎവ്വഥാ ശ്ലാഘനീയങ്ങളും ആദരണീയങ്ങളും അനുകരണീയങ്ങളും ആണെന്നുള്ളതിന ഭിന്നാഭിപ്രായക്കാർ ഉണ്ടായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ കഴിഞ്ഞ ൭൯-ലെ സ്മാരകപരീക്ഷയിൽ കോട്ടയത്തു സിമ്മനാരിയിൽനിന്നു ൬-ം, പാമ്പാക്കുടനിന്നു ൪-ം, ഉൾപ്പെടെ ൧൦ പേർ ചേൎന്നിട്ടുള്ളവരിൽ ൩ പേർ ഒന്നാം ക്ലാസിലും ൪- പേർ രണ്ടാം ക്ലാസിലും ജയിച്ചിട്ടുണ്ടു. അതിൽസമ്മാനാൎഹൻ പുതുശ്ശേരിൽയൌസേഫ് ശെമ്മാശ്ശൻ ആണു. തങ്ങളെ അനുകരിക്കുന്നവർ ഉണ്ടാകണമെന്നുള്ള മുളന്തുരുത്തിപള്ളിക്കാരുടെ ആഗ്രഹം ആരംഭത്തുങ്കൽതന്നെ ഫലപ്രദമായി കണ്ടതിൽ വളരെ ചാരിതാൎത്ഥ്യവുമുണ്ടു. എങ്ങിനെയെന്നാൽ ടി. പരീക്ഷയിൽ രണ്ടാമനായി ജയിക്കുന്ന ആൾക്കു പരുമലെ സിമ്മനാരിയിൽനിന്നും ഇരുപതു രൂപായിൽ കവിയാത്ത ഒരു പീച്ചാസാ സമ്മാനം പ്രതിവത്സരം കൊടുക്കുന്നതിനു നിശ്ചയിക്കയും ഈ യാണ്ടേക്കു മാത്രമായി വ. ദി. ശ്രീ. ഗീവറുഗീസു റമ്പാശൻ അവർകളുടെ വകയായി ഒന്നും കോട്ടയത്തു സിമ്മനാരി വകയായി ഒന്നും ഇങ്ങിനെ രണ്ടു സമ്മാനങ്ങൾ മൂന്നാമനായും നാലാമനായും ജയിക്കുന്ന ആളുകൾക്കു കൊടുക്കുന്നതിനു നിശ്ചയിക്കയും ചെയ്തിട്ടുള്ളതും സമ്മാനങ്ങളും ജയിച്ച എല്ലാവൎക്കും സൎട്ടിഫിക്കെറ്റുകളും ഈ അവസരത്തിൽതന്നെ കൊടുക്കപ്പെടുന്നതുമാകുന്നു.

ടി. പരീക്ഷയ്ക്കു പരീക്ഷകന്മാരായിരുന്നു സഹായിച്ചവരായ എല്ലാവൎക്കും ഈ അവസരത്തിൽ പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു. ഈ സ്മാരകസ്ഥാപനം മൂലം സുറിയാനിവിദ്യാൎത്ഥികളായ ശെമ്മാശ്ശന്മാൎക്കു പഠിപ്പതിനു അഭിരുചിയും താല്പൎയ്യവും ജനിച്ചിട്ടുണ്ടെന്നു കാണുന്നതിനാലും ഇതുതന്നെ മേൽക്കുമേൽ വൎദ്ധിച്ചുവന്നിട്ടു സുറിയാനിഭാഷ ഒരു ഉന്നതസ്ഥിതിയെ പ്രാപിക്കുമെന്നു ആശിക്കാവുന്നതിനു

ലും മറ്റും ഇതിന്റെ ആരംഭകർത്താക്കളായ മുളന്തുരുത്തി പള്ളിക്കാരെ ഹൃദയപൂർവ്വമായി അഭിനന്ദിക്കയും മഹാനുഭവന്മാരും ഔദാര്യതല്പരന്മാരും ആയ ഓരോരുത്തർ ഇതിനെ അനുകരിച്ചു സമുദായാഭിവൃദ്ധിക്കു ആസ്പദങ്ങളായ ഏതെങ്കിലും വിഷയങ്ങളിൽ തങ്ങളുടെ മനോധർമ്മത്തെ വിനിയോഗിക്കണമെന്നു അപേക്ഷിക്കയും രക്ഷകനെ ഓർത്തും തന്റെ ഭക്തന്മാരെ ബഹുമാനിച്ചും പ്രവൃത്തിക്കുന്ന എല്ലാവരുടെ മേലും തന്റെ അളവറ്റ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കണമെന്നു പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു ആജ്ഞാപ്രകാരം
ഇലവിനാമണ്ണിൽ സ്കറിയാ കത്തനാർ.

മാർ ഗ്രീഗോറിയോസ സ്മാരക ഭദ്രാസനത്തിങ്കൽ മുളന്തുരുത്തി പള്ളിയോഗക്കാർ പ്രസ്താവിച്ച റിപ്പോർട്ടു.

൧. മലയാളത്തെ സുറിയാനിജനത്തെ സുറിയാനിക്കാർ എന്നു വിളിക്കുന്നതിനു സുറിയാനിഭാഷ ഉപകരിക്കുന്ന ഏക കാരണമല്ലാതെ ബലമായ വേറെ ന്യായങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. ഈ സഭയിൽ നിന്നു പിരിമാറി എങ്കിലും പേരിനു അവകാശം പറയുന്നവരുടെ അവകാശത്തെ നാം നിരാകരിക്കുന്നല്ലൊ. ഈ പേരിനു നമ്മെ അവകാശികളാക്കിത്തീർക്കുന്ന ഈ ഭാഷയുടെ സ്ഥിതിയെക്കുറിച്ചു ആരും തന്നെ ഗൗരവമായി ചിന്തിക്കുന്നില്ല. ചിന്തിക്കുന്നതായാൽ അതു എത്രയും ശോചനീയ സ്ഥിതിയിൽ ഇരിക്കുന്നു എന്നു വേഗം പ്രത്യക്ഷമാകുന്നതാണു. ഇംഗ്ലീഷ മുതലായ ഭാഷകൾ രാജഭാഷകൾ ആകകൊണ്ടു അതാതു ഗവർമ്മെണ്ടുകളും, ജാതിയിൽ പെട്ട വിദ്വാൻ സംഘങ്ങളും അവയെ പഠിപ്പിക്കയും പ്രചരിപ്പിക്കയും അലങ്കരിക്കയും ചെയ്യുന്നതിൽ സദാ ഉത്സുകന്മാരായിരിക്കുന്നു. ഗ്രെക്ക ലത്തീൻ മുതലായ പുരാണ ഭാഷകളിൽ തത്വജ്ഞാനങ്ങൾ സംഗ്രഹിച്ചിരിക്കകൊണ്ടു അവയെയും കൊണ്ടാടിപോകുന്നതിനു വിദ്വാൻ സംഘങ്ങളും ഗവർമ്മെണ്ടുകളും ഉണ്ടു. എന്നാൽ സുറിയാനിയൊ നമ്മുടെ പള്ളിയിൽ മാത്രം കേൾക്കപ്പെടുന്നു. ജനസാമാന്യത്തിനു അതിൽ ഒരു കൗതുകവും ഇല്ലായ്കയാൽ പള്ളിയിൽ നിന്നും അതിനെ ബഹിഷ്കരിക്കണമെന്നു വല്ലവരും പറഞ്ഞു പോകുന്നെങ്കിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല. ആ കാലം വരുന്നതിനു മുമ്പുതന്നെ അതിനെ അലങ്കരിച്ചു കമനീയമാക്കുന്നതിനു ശ്രമിക്കേണ്ടതു നമ്മുടെ സ[illegible]ത്തിന്റെ കർത്തവ്യകർമ്മമാണ. സുറിയാനി ഒഴികെ യാതൊരു ഭാഷയും നമ്മുടെ സഹായം വേണ്ട സ്ഥിതിയിൽ ഇരിക്കുന്നില്ല. നമ്മുടെ സഹായം വേണ്ട ഭാഷയും, അതു കൊടുപ്പാൻ നാം ശക്തരല്ലാത

ഇരിക്കുന്നു. സുറിയാനിഭാഷയിലെ പ്രധാന പുസ്തകങ്ങൾ ഒന്നും തന്നെ നാം അച്ചടിപ്പിച്ചിട്ടില്ല. ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ, ഇതാലിയർ എന്നീ യൂറോപ്യജാതികളാണു അവയെ അച്ചടിപ്പിച്ചിട്ടുള്ളതു. വലുതായ ഒന്നും ചെയ്വാൻ കഴിവില്ലെങ്കിലും ശക്തിക്കൊത്തവണ്ണം ചെയ്യേണ്ടതു ന്യായമാണെന്നും തോന്നിയിട്ടും, സുറിയാനിഭാഷയോടു ഇവിടെ കാലം ചെയ്തിരിക്കുന്ന വിശുദ്ധപിതാവിനോടും ഞങ്ങൾക്കുള്ള നിർവ്യാജമായ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കകൊണ്ടും ആണു, ആ വന്ദ്യൻ്റെ നാമത്തിൽ ഒരു സുറിയാനിപരീക്ഷയും മെഡലും നിശ്ചയിക്കുന്നതിനു ഇടയായതു.

൫. ഇങ്ങനെ ഒരു പരീക്ഷയും സമ്മാനവും നിശ്ചയിക്കയോ നടത്തുകയോ ചെയ്യുന്നതു കൊണ്ടുമാത്രം സുറിയാനിഭാഷയുടെ കുറവുകൾ എല്ലാം നീങ്ങി, അതു മുൻസ്ഥിതിയിൽ നിന്നു പുനരുത്ഥാനം ചെയ്തു, ഇതരഭാഷകളുടെ സമപദത്തെ പ്രാപിക്കുമെന്നു വിചാരിക്കുന്നില്ല. നമ്മുടെ സഭയ്ക്കും ദൈവം കഴിഞ്ഞാൽ നാം തന്നെ അല്ലാതെ വേറെ ആരും ഇല്ല എന്ന ദൃഢപ്രത്യയമുള്ള എല്ലാ ഇടവകക്കാരും ജാത്യാഭിമാനികളും അറിഞ്ഞു, താന്താങ്ങളുടെ ശക്തിക്കനുസരണമായി ഭാഷയുടെ അഭ്യുദയത്തിനും അലങ്കാരത്തിനും പ്രയോജനകരമായ ഓരോ മാർഗ്ഗങ്ങൾ ആലോചിച്ചു നിശ്ചയിച്ചു നടത്തിക്കുന്നതു കാണേണമെന്നു ഞങ്ങൾക്കു ആഗ്രഹമുള്ളു. ഈ ശ്രമത്തിൽ ഞങ്ങളോടു സഹതപിക്കുന്ന കൂട്ടുവേലക്കാരായ വേറെ ഇടവകക്കാരും ഉണ്ടെന്നു അറിയുന്നതു ഞങ്ങൾക്കു ഉത്സാഹജനകം ആണല്ലോ. ഞങ്ങൾ ഒരു വിഷയത്തിൽ ഇങ്ങനെ പ്രവൃത്തിച്ചു എന്നേയുള്ളു. ഇനിയും ഓരോ ഇടവകക്കാരോ മാന്യന്മാരോ ഇതിനെ കൂടാതെ വേറെ ഓരോ വിഷയങ്ങൾക്കു യുക്തംപോലെ പരീക്ഷകളും സമ്മാനങ്ങളും നിശ്ചയിക്കാമല്ലോ. ഇങ്ങിനെ ചെയ്യുന്നതിനാൽ വേണ്ടതെല്ലാം ക്രമേണ വന്നുകൊള്ളുമെന്നു പൂർണ്ണമായി വിശ്വസിച്ചു ആശംസിക്കാം.

൬. സുറിയാനിഭാഷയ്ക്കു ഇങ്ങനെ ഒരു പരീക്ഷയും വിരുതു ഇദം പ്രഥമമായിട്ടാണു നടന്നിരിക്കുന്നതു. അങ്ങിനെ തന്നെ സുറിയാനി വിദ്യാർത്ഥികളിൽ ആരും ഇതിനു മുമ്പ ഈ പ്രകാരം ഒരു മെഡൽ ധരിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല. സുറിയാനിഭാഷയേയും വൈദികന്മാരെയും സംബന്ധിച്ചു നവീനമായിരിക്കുന്ന ഈ ഏർപ്പാടു ആർക്കും പ്രശംസയ്ക്കു സംഗതിയാകാതെ ദൈവതിരുനാമമഹത്വത്തിനും തൻ്റെ വിശുദ്ധസഭയുടെ പുകഴ്ചയ്ക്കും പ്രയോജന[illegible] ദീർഘകാലത്തേക്കു നിലനിന്നു കാണ്മാൻ സംഗതിയാകട്ടെ. [illegible]ൻ്റെ നാമത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്ന ഈ സംഗതി ശുഭമാ[illegible] നിർവ്വഹിക്കപ്പെടുന്നതിനു ആ പുണ്യപിതാവിൻ്റെ പ്രാർത്ഥന[illegible]യമായിരിക്കട്ടെ.

൯. ഇങ്ങിനെ ഒരു പരിക്ഷയും സമ്മാനവും നടത്തേണമെന്നു ഞങ്ങൾ ആഗ്രഹിക്ക മാത്രമെ ചെയ്തിട്ടുള്ളു. ശേഷം പ്രവൃത്തികൾ എല്ലാം വഹിച്ചതു കമ്മട്ടിക്കാരായിരുന്ന ബ: റമ്പാച്ചന്മാരും മല്പാനച്ചന്മാരും ആകുന്നു. അവർ ഈ നിശ്ചയത്തെ ശ്ലാഘിച്ചു അദ്ധ്യക്ഷന്മാരുടെ അനുവാദം പ്രാപിച്ചു, പാഠവിഷയങ്ങൾ നിശ്ചയിച്ചു, ശെമ്മാശന്മാരെ പഠിപ്പിച്ചു, പരീക്ഷകന്മാരെ ഏർപ്പെടുത്തി, ഞങ്ങളുടെ നിശ്ചയത്തിൽ ചേരാതെ ഇരുന്ന ഭാഗങ്ങൾ പൂർണ്ണമാക്കി, സമ്മാനദാനത്തിനു ഏറവും ചേർച്ചയായ ഈ സ്ഥലവും അവസരവും നിശ്ചയിച്ചു, ഞങ്ങളുടെ ഒരു ആഗ്രഹത്തെ സഫലീഭവിക്കുന്നതിനു ഇത്രമാത്രം പരിശ്രമം ചെയ്തതിലെക്കു ഈ കമ്മട്ടിക്കാരെയും അതിൽ സഹായം ചെയ്തിട്ടുള്ള ശേഷം എല്ലാവരെയും ഈ അവസരത്തിൽ ഞങ്ങൾ ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

൰. ഈ മെഡൽ ഒന്നാമതായി ലഭിച്ചിരിക്കുന്ന ഔതസഫ ശെമ്മാശൻ അവർകളെയും ഞങ്ങൾ നിർവ്യാജമായി അഭിനന്ദിക്കുന്നു. വിദ്യാൽ സംഘങ്ങളിൽ ഉന്നതബഹുമാനാദികൾക്കു അദ്ദേഹം മേല്ക്കുമേൽ അർഹനായി ഭവിക്കട്ടെ. മുദ്ര ധരിക്കുന്നവരായി തന്റെ അനുഗാമികൾ വർദ്ധിക്കട്ടെ, മുദ്ര ധരിക്കുന്നവരെ അതു അലങ്കരിക്കുന്ന പ്രകാരം ഞങ്ങൾ ഉൾപ്പെട്ട സഭയെ അലങ്കരിക്കുന്നതിനു അവർ തന്നെ ശോഭയേറിയ മുദ്രകൾ ആയിതീരുമാറാകട്ടെ.

൰൧. സുറിയാനി ഭാഷയുടെ ഒരു ദീപസ്തംഭവും ഭണ്ഡാരപ്പുരയും ആയിരുന്ന ആ വിശുദ്ധ പിതാവിന്റെ നാമത്തിൽ ഒരു സ്മാരകമുദ്ര കൊടുക്കുന്നതിനു അദ്ദേഹത്തിന്റെ ഇടവകക്കാരായ ഞങ്ങൾക്കു ഭാഗ്യം ഉണ്ടായതിൽ ഞങ്ങൾ കൃതാർത്ഥരായിരിക്കുന്നു. അദ്ദേഹത്തിന്റെ ദിവ്യതേജസ്സേറിയ മുഖദർശനം മാത്രം നമ്മെ എത്രമാത്രം സന്തോഷിപ്പിച്ചിരുന്നുവൊ ആ പ്രകാരം അദ്ദേഹം മാർഗ്ഗദർശിയായി കാണിച്ചുതന്നിട്ടുള്ള പദവിയിൽ കൂടി അനേകരെയും നടത്തുന്നതിനു ഈ ശ്രമം പ്രയോജനകരമായിരിക്കുമെന്നു ദൈവത്തിൽ പൂർണ്ണമായി ആശ്വസിച്ചുകൊണ്ടു ഈ റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു.

[illegible] തുലാം [illegible]

വെനറെബിൾ ആർച്ചുഡീക്കൻ കോശി അവർകളുടെ ജീവചരിത്രം.

ആർച്ചുഡീക്കൻ കോശി എന്നുള്ള പേർ കേട്ടിട്ടില്ലാത്തവർ ഈ നാട്ടിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടൊ എന്ന സംശയമാണ. റെവറണ്ട ഇ. വി. ജോൺ പാദ്രി അവർകളാൽ എഴുതപ്പെട്ട ഇദ്ദേഹത്തിന്റെ ഒരു ജീവചരിത്രം ഞങ്ങൾക്കു ഈയിടെ അഭിപ്രായത്തിനായി കിട്ടിയിരിക്കുന്നു. അതിലെക്കു ഞങ്ങൾ ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കയും ചെയ്യുന്നു.

ആൎച്ചുഡീക്കൻ കോശി കേരളീയ മഹാന്മാരിൽ ഒരുവനും ഈ നാട്ടിലെ അംഗ്ലിയാ സഭയിൽ ഉണ്ടായിട്ടുള്ള യോഗ്യന്മാരിൽ വെച്ചു പ്രഥമഗണനീയനും ആണെന്നു പറവാൻ സംശയമില്ല. മഹാന്മാർ ഏതു ജാതിമതസ്ഥന്മാരായിരുന്നാലും അവരുടെ ജീവചരിത്രം അറിഞ്ഞിരിക്കേണ്ടതു എല്ലാപ്രകാരേണയും ആവശ്യമാണെന്നുള്ളതിനു ഭിന്നാഭിപ്രായമില്ല. ആൎച്ചുഡീക്കൻ ജീവനോടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മതസംബന്ധമായ പല അഭിപ്രായങ്ങളും ഞങ്ങളുടെ അഭിപ്രായങ്ങളോടു യോജിക്കാതെ വരികയും അതുമൂലം ഞങ്ങൾ അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങളെ ഈ പംക്തികളിൽ ആക്ഷേപിക്കയും ചെയ്വാൻ ഇടയായിട്ടുണ്ടെങ്കിലും അദ്ദേഹം മഹാന്മാരുടെ കൂട്ടത്തിൽ അദ്വിതീയനായിരുന്നു എന്നുള്ള ബോദ്ധ്യം ഞങ്ങൾക്കു അന്നും ഇല്ലാതിരുന്നില്ല. പ്രസ്തുത ജീവചരിത്രം ആ മനോബോദ്ധ്യത്തെ കുറെ കൂടെ ദൃഢീകരിച്ചിരിക്കുന്നു.

വളരെ സ്വത്തില്ലാതിരുന്ന ഒരു കുഡുംബത്തിൽ ജനിച്ചു ആദ്യം പഴയസിമ്മനാരിയിലും പിന്നീടു ഇപ്പോഴത്തെ സി. എം. എസ് കോളേജിലും ആ കാലാവസ്ഥക്കു തക്ക വിദ്യാഭ്യാസം സമ്പാദിച്ചശേഷം അഞ്ചു രൂപാ ശമ്പളത്തിൽ ഒരു ഉപദേശി ചെയ്തു കടശി അംഗ്ലിയാ സഭയിലെ ഒരു പാദ്രിയായിതീരുകയും ആ സ്ഥാന പല സ്ഥലങ്ങളിലും ഇടവകഭരണവും വേദപുസ്തകതൎജ്ജമയിൽ പ്രധാന ഭാ ഹിച്ചു ൭൫-ാം വയസ്സിൽ മരിക്കയും ചെയ്തതിനിടയിൽ തന്റെ ജീവചരിത്ര പല ഘട്ടങ്ങളും മറ്റുള്ളവൎക്കു ദൃഷ്ടാന്തയോഗ്യങ്ങളായ നടപടികളെകൊണ്ടു അ ക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ പറയുന്നതുകൊണ്ടു മതസംബന്ധമായും സാമൂഹ്യസംബന്ധമായുമുള്ള എല്ലാ കാൎയ്യങ്ങളിലും ആൎച്ചുഡീക്കൻ കോശിയുടെ അഭിപ്രായങ്ങളെയും നടപടികളെയും വായനക്കാർ പിന്തുടരണമെന്നല്ല ഞങ്ങൾ പറയുന്നതു. അദ്ദേഹം സ്വന്തമതത്തെ കുറിച്ചും ജാതിയെക്കുറിച്ചും എത്രത്തോളം തീഷ്ണതയോടു കൂടിയിരുന്നുവൊ അതുപോലെ വായനക്കാർ തങ്ങളുടെ മതത്തെയും ജാതിയെയും കുറിച്ചു തീഷ്ണതയുള്ളവരും അവെക്കുവേണ്ടി പരിശ്രമിക്കുന്നവരും ആയിരിക്കണമെന്നാണ ഞങ്ങളുടെ താല്പൎയ്യം.

ആൎച്ചുഡീക്കൻ അംഗ്ലിയാസഭയിൽ ഉൾപ്പെട്ട ആൾ ആയിരുന്നെങ്കിലും ഒരു സഭയിൽ അന്യസഭക്കാരായ പ്രസംഗികൾ പ്രവേശിച്ചു ദുരുപദേശം പരത്തുന്നതിനു ചെയ്യുന്ന ശ്രമങ്ങൾക്കു അദ്ദേഹം വിരോധിയായിരുന്നു എന്നു ഈ ജീവചരിത്രം സ്പഷ്ടമായി കാണിക്കുന്നു. അതിനെപ്പറ്റി ചരിത്രകൎത്താവു പറയുന്നതു. "മാർതോമ്മാസ്ക്രൂളിന്റെ പ്രാരംഭം പ്രമാണിച്ചു ഒരു വലിയ യോഗം ഉണ്ടായി. അതിനു കോശി ആൎച്ചുഡീക്കനെയും തങ്ങളുടെ മിത്ര സ്നേഹിതൻ എന്ന മുറെക്കു ക്ഷണിച്ചിരുന്നു. ഏറെ നാളായിട്ടു ഈ കക്ഷികൾ സഭയുടെ വ്യവസ്ഥകൾക്കു അനുകൂലമല്ലാതിരിക്കുന്ന ഭിന്നമതനായകന്മാരെ വരുത്തി പ്രസംഗിപ്പിക്കയും അവർ അവസരം പോലെ സഭയുടെ പാരമ്പൎയ്യനടത്തയ്ക്കു വിരോധമായി പലതും പറഞ്ഞു താല്പൎയ്യമുള്ള ഹൃദയങ്ങളിൽ ഭേദ്യം ജനിപ്പിക്കയും ചെയ്തിരുന്നു. ഇതു നിമിത്തം വേദത്തിൽ അറിവുണ്ടായിവന്ന പലൎക്കും സഭാധിപത്യവും സഭാനിബന്ധനകളും അനാവശ്യമെന്നു തോന്നിപ്പോയിരുന്നു. അത്രയുമല്ല ഗ്രെഗസൻ സായ്പു മുതൽ പേർ ഈ യോഗത്തിലും ഹാജരുണ്ടായിരുന്നു. ഇതൊക്കെ വിചാരിച്ചും പണ്ടു പണ്ടെ സുറിയാനി സഭയോടുള്ള അതിവാത്സല്യം നിമിത്തവും കോശി ആൎച്ചുഡീക്കൻ ഇവരുടെ തല്ക്കാല നടപടികളെ ആക്ഷേപിച്ചും ദണ്ഡപ്പെട്ടും അല്പം സംസാരിച്ചു. മാൎത്തോമ്മാ സഭയുടെ തല്ക്കാല സ്ഥിതി കുത്തഴിഞ്ഞു കിടക്കുന്ന ഒരു പുസ്തകത്തിന്റെതു പോലെയാകുന്നു എന്നു ദൃഷ്ടാന്തപ്പെടുത്തി കാണിച്ചു". (൩൭൭-ാം പുറം) നവീകരണക്കാരുടെ ഒരു പ്രധാന യോഗത്തിലും അവരുടെ അദ്ധ്യക്ഷന്മാരുടെ മുഖദാവിലും വെച്ചു ഇത്രത്തോളം പറവാൻ ധൈൎയ്യപ്പെട്ട ആൎച്ചുഡീക്കൻ മൂട്ടും ചുവടുമില്ലാത്ത ഉപദേഷ്ടാക്കളുടെ പ്രസംഗങ്ങളെ കേൾക്കുന്ന സമ്പ്രദായത്തിനു എത്ര മാത്രം വിരോധിയായിരുന്നു എന്നു കാണാം. ഇപ്പോൾ വടക്കെദിക്കിൽ ഉപദേശിക്കാൻ പോയിരിക്കുന്ന നവീകരണ ഉപദേഷ്ടാക്കൾ ആൎച്ചുഡീക്കൻ കോശി കുത്തഴിഞ്ഞ പുസ്തകത്തോടു സാദൃശ്യപ്പെടുത്തിയിരിക്കുന്ന കൂട്ടർ ആണെന്നുള്ളതു വടക്കർ വായനക്കാർ പ്രത്യേകം ഓൎത്തിരിക്കേണ്ടതാണ്.

ഇതോടു ചേൎത്തു തന്നെ വേറൊരു സംഗതിയും ജീവചരിത്രത്തിൽ കാണാനുണ്ടു. ൧൮൭൬-ാമാണ്ടിടയ്ക്കു തെക്കെ ദിക്കിൽ ഉണൎവുണ്ടായപ്പോൾ അതു ദൈവികമാണെ

ന്ന പലരും വിശേഷാൽ അംഗ്ലിയാ പാദ്രിമാരും ഭ്രമിക്കയും ഉണർവ്വിനെ പ്രോത്സാഹിപ്പാൻ മദ്രാസിൽനിന്നും മറ്റും ചില പാദ്രിമാർ വരികയും ചെയ്തു. ഉണർവ്വുപദേഷ്ടാക്കളുടെ വാചാലതയും ഭക്തിയും അനുതാപവും അതിരില്ലാത്തവയായി തോന്നി പലരും ഭ്രമിച്ചുവശായി. കടശി അതു "അഞ്ചര" എന്നു പറഞ്ഞുവരുന്ന മതവിപരീതമായി പരിണമിക്കയും ഉണർവ്വുകാർ കാണിച്ച ഭക്തി വേഷങ്ങൾ സത്യക്രിസ്ത്യാനികളെ തട്ടിക്കുന്നതിനു പിശാചു ചെയ്ത ഒരു തന്ത്രമാണെന്നു വെളിപ്പെടുകയും ചെയ്തു. ഇതിൽ വേറൊരു വിശേഷം കൂടെ ഉണ്ടു. അച്ചടിച്ചുവച്ചിരുന്ന വേദപുസ്തകം മുഴുവൻ "അല്പദിവസംകൊണ്ടു വാരിപ്പോയി" "അവർ വേദപുസ്തകം ഇഷ്ടം പോലെ വ്യാഖ്യാനിക്കാനും" തുടങ്ങി. വ്യാഖ്യാനിച്ചു വ്യാഖ്യാനിച്ചു "ക്രൂയോമയം" ഉറപ്പിച്ചു. ഇത്രയും കണ്ടപ്പോൾ വേദപുസ്തകം ഇഷ്ടം പോലെ വ്യാഖ്യാനിക്കുവാൻ അനുവദിച്ചുകൂടായെന്നും ശരിയായ വ്യാഖ്യാനം സഭയിൽനിന്നു അച്ചടിച്ചുകൊടുക്കണമെന്നും കെയിലിസായ്പിനു അഭിപ്രായം ഉണ്ടായി. (൨൨൨-ാം പുറം)

ഇതിൽ നിന്നും നമുക്കു ചില പാഠകങ്ങൾ പഠിപ്പാനുണ്ടു. ദുരുപദേഷ്ടാക്കളിൽ കാ അനുതാപവും ഭക്തിയും വാചാലതയും ഒന്നുംകൊണ്ടു നാം ഭ്രമിച്ചുപോകരുതു്. പിശാചിന്റെ പല തന്ത്രങ്ങളിൽ ഒന്നാണ. അതുപോലെതന്നെ വേദപുസ്തകംകൊണ്ടു മാത്രം സത്യോപദേശം ഗ്രഹിച്ചുകൊള്ളാമെന്നും ആരും കരുതിപ്പോ വേദപുസ്തകം ഇരുമുനയുള്ള വാളാണ. വേദപുസ്തകം സഭയുടെ അടിസ്ഥാന മല്ലം സഭ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട അടിസ്ഥാനത്തുമ്മേലും ഇരിക്കുന്നു. ളുടെ വ്യാഖ്യാനമല്ലാതെ ഓരോരുത്തൻ സ്വയമായി വ്യാഖ്യാനിച്ചാൽ പിശകാണ നമ്മുടെ സഭ പണ്ടെതന്നെ ദൈവാത്മാവിനാൽ അറിഞ്ഞു ശട്ടംകെട്ടിയിരിക്കുന്നു. കെയിലിസായ്പും ആർച്ച്ഡീക്കൻകോശിയും ആ തത്വം തങ്ങളുടെ അനുഭവംകൊണ്ടും അറിഞ്ഞു. ആർച്ച്ഡീക്കന്റെ ജീവചരിത്രത്തിൽ ഇതുപോലെയുള്ള പല സംഭവങ്ങൾ സുറിയാനിക്കാക്കു കണ്ടുപഠിക്കത്തക്കവയുണ്ടു. പുസ്തകം സി. എം. എസ. അച്ചുക്കൂടത്തിൽ വളരെ വൃത്തിയായും നല്ല കടലാസിലും അച്ചടിക്കപ്പെട്ടവയാണു്.

പ്രസംഗലഹളയും പത്രങ്ങളും.

നവീകരണ പ്രസംഗികളെ വടക്കു വച്ചു യാക്കോബായക്കാർ അടിച്ചു ലഹളയുണ്ടാക്കിയെന്നും കർത്താവിനെ പ്രതി അവർ ക്ഷമയോടെ സഹിച്ചു സഹോദരന്മാരെ പിന്തുടന്നിരിക്കുന്നു എന്നും മറ്റും നവീകരണക്കാരുടെ ബന്ധുക്കളായ ചില പത്രങ്ങളും അവയെ വായിച്ചുകണ്ടു മറ്റു ചില പത്രങ്ങളും ഈയിടെ പ്രസ്താവിച്ചിരിക്കുന്നതു നിങ്ങളുടെ വായനക്കാർ കണ്ടിരിക്കുമെല്ലോ. ഇതിന്റെ വാസ്തവത്തെക്കുറിച്ചറിവാൻ വായനക്കാരിൽ പലക്കും താല്പര്യം ഉണ്ടായിരിക്കാവുന്നതിനാൽ ചുരുക്കം താഴെ പറയുന്നു.

കുറെ പ്രസംഗികൾ ഞങ്ങളുടെ വടക്കൻ പ്രദേശങ്ങളിൽ പ്രവേശിച്ചിട്ടു കുറച്ചുകാലമായി. അവരുടെ പ്രയത്നങ്ങളുടെ സമ്പ്രദായവും മറ്റും കഴിഞ്ഞ ഇടവക പത്രികയിൽ ചില ലേഖനങ്ങളിൽ പ്രസ്താവിച്ചു കണ്ടതിനൊടു അനുരൂപമായിട്ടാണ ഇവരിൽ ചിലക്കു ചില അടികൾ കിട്ടി എന്നു പത്രങ്ങളിൽ പറയുന്നതു അതെ സ്ഥിതിയിൽ അല്ലെങ്കിലും കുറെ പരമാർത്ഥമുണ്ടു. കൊരമാംഗലത്തു പള്ളിയിൽ കന്നി മാസം ൨൦-ാം തീയതി പതിവായി ഘോഷിച്ചുവരുന്ന പെരുന്നാളിനായി പല ദിക്കുകളിൽ നിന്നും പല തരക്കാരും പല ജാതി

കാര്യമായ ആളുകൾ പോകാറുണ്ടു. പോയ കന്നിമാസം ൨൦-ാം തീയ്യതിക്കു വഴിമദ്ധ്യെ വച്ചു പ്രസംഗികളിൽ ചിലർ പെരുന്നാളിനു പോയിരുന്നവരും വഴിക്കവച്ചു ഒത്തു റോമാ, സുറിയാനി, മുതലായ പുത്തൻസഭകളുടെ ഉപദേശാചാരങ്ങളെ കഠിനമായി ആക്ഷേപിച്ചപ്പോൾ യാത്രക്കാരിൽ ചിലരും ഉപദേശികളിൽ ചിലരും തമ്മിൽ സംവാദങ്ങൾ നടക്കയും അത്യന്തം വാക്കുതർക്കങ്ങൾ ഉണ്ടാകയും ചെയ്യു. അതിന്റെ ഫലമായി കൂട്ടത്തിൽ ചില ആഭാസന്മാർ ചില ലഹളകൾ നടത്തുകയും ഉണ്ടായി.

ഇതിൽ വച്ചു യാക്കോബായ വൈദികന്മാരെയും സഭയെയും ആക്ഷേപിച്ചവർ കുറെ ആദായം വരുത്താമെന്നു നവീകരണ ഉപദേഷ്ടാക്കൾക്കു ഉദ്ദേശമുണ്ടെന്നു കാണുന്നു.

൧-ാമതു അടികലശൽ നടന്നുവെന്നു പറയുന്നവരിൽ യാക്കോബായ സഭെക്കൊ ഉപദേഷ്ടാക്കൾക്കൊ എന്താണു സംബന്ധമുള്ളതു. ലഹളക്കാരിൽ ഏറിയ കൂറും റോമാക്കാരായിരുന്നു എന്നു അടിയിൽ ഉൾപ്പെട്ട ഒരു റോമാക്കാരൻ എന്നോടു പറഞ്ഞിരിക്കുന്നു. ആഭാസന്മാർ എല്ലാ കൂട്ടത്തിലും എല്ലാ ജാതിയിലും ഉണ്ടു. അവർ നടത്തുന്ന പ്രവൃത്തിക്കു മഹാന്മാർ ഉത്തരവാദികളായിരിക്കണമെന്നു വല്ല നിയമവും ഉള്ളതായി അറിയുന്നില്ല.

൨-മതു. ലഹളെക്കു കാരണഭൂതന്മാർ നവീകരണ ഉപദേശികൾ ആയിരുന്നു ഒരുവൻ ഭക്തിയായി വിചാരിച്ചു പറഞ്ഞ വിശ്വാസത്തെയൊ ആചാരത്തെയൊ ആളിനെയൊ ആഭാസമെന്നും ആഭാസൻ എന്നും മറ്റും, നിന്ദ്യങ്ങളായ പല പദങ്ങളും പ്രയോഗിച്ചു ആക്ഷേപിച്ചാൽ ദേഷ്യം ജനിക്കുന്നതു സഹജമാണ. അതിനാൽ ലഹളെക്കു കാരണഭൂതന്മാർ നവീകരണ ഉപദേഷ്ടാക്കൾ മാത്രമായിരുന്നു.

൩-മതു. ഈ ഉപദേശികളിൽ ചിലർ സ്ത്രീകളുടെയിടയിൽ വേദോപദേശമെന്നുള്ള ഭാവനയിൽ നടത്തിയ ചില ക്രിയകൾ മൂവരെ ദൈവശുശ്രൂഷക്കാരുടെ നിലയിൽ അല്ല, പൈശാചിക ഉപദേഷ്ടാക്കൾ എന്നുള്ള നിലയിൽ പലർക്കും ഇവരെ കുറിച്ചു തോന്നുവാൻ വരുത്തിയിട്ടുള്ളതും കോപാഗ്നിക്കു എണ്ണയായി തീർന്നിട്ടുണ്ടെന്നു കേൾക്കുന്നു.

൪-മതു ഇവർ ഈ സന്ദർഭത്തിൽ സാധുമാരുടെ വേഷക്കെട്ടുന്നതായി പത്രങ്ങളിൽ കാണുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. സംഭവത്തിൽ അധികമായ പങ്കിനെ വഹിക്ക, നിർദ്ദോഷികളായ ആളുകളുടെ മേൽ കുറ്റം ആരോപിക്ക, നിർദ്ദോഷികളെ ക്രിമിനാൽ ശിക്ഷയിൽ ഉൾപ്പെടുത്തുവാൻ കള്ള അന്ന്യായം കൊടുക്കുക, കള്ള അന്ന്യായം ബോധിപ്പിക്കാതെ നാട്ടിൽ ക്ഷമയോടെ വസിച്ചു എന്നു

[illegible] ന്യായവാദം, ഇവയിൽ ഒരു [illegible] സ്വീകരണ [illegible] സഭയുടെ ലക്ഷണങ്ങൾ എടുത്ത് ഇവരെ സഭയുടെ കൂട്ടത്തിൽ എണ്ണേണ്ടതിന് വിരോധമില്ല. അന്യായം കൊടുത്തില്ലെന്നും മറ്റൊ സ്വീകരണം ഉപദേശകൾ പത്രങ്ങളിൽ [illegible] ശുദ്ധ [illegible] വ്യാജമാണ. ഇവർ അന്യായം കൊടുത്തു. അന്യായത്തിൽ [illegible] നടത്തിയ [illegible] പറഞ്ഞിരുന്ന ഒന്നു രണ്ടു പ്രതികളെ [illegible] വധിവസം ആ സ്ഥലത്തില്ലന്നു. അവിടെനിന്ന് അനേകം മൈൽ ദൂരെ താമസിച്ചിരുന്ന വിവരം കണ്ടിട്ടുള്ള [illegible] ഇരിക്കെ ആ ആളുകളുടെ മേൽ കുറ്റം ആരോപിച്ചു ഒരു അന്യായം കൊണ്ടുചെന്നാൽ ആ അന്യായം [illegible] ഇതിലെ വാദികൾ [illegible] പ്രഥമ ദൃഷ്ടിയിൽ [illegible] സംശയം. അന്യായം തള്ളിപ്പോയതു [illegible]. ഈ വിധം കള്ളയന്യായം കൊടുത്തതു [illegible] വാദികളെ പ്രാസിക്യൂട്ട് ചെയ്യേണ്ടതു [illegible] കണ്ടപ്പോൾ സഭയുടെ [illegible] കെട്ടി [illegible] നടിച്ചാൽ സഭ [illegible] സത്യ [illegible] ലക്ഷണം [illegible] ഇവർ തള്ളിക്കളയുന്നതായാൽ അതിൽ ആശ്ചര്യപ്പെടാനുണ്ടോ.

സൂചനകൾ.

ചർച്ച്ടൈംസ് എന്ന ഇംഗ്ലീഷ പത്രത്തിൽ ഒരു ലേഖകൻ പ്രസംഗത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ കുറിച്ചു ഇപ്രകാരം എഴുതിയിരിക്കുന്നു.—"അംഗ്ലിസഭയിൽ ഉത്തരവാദത്വമുള്ള വൈദികന്മാരിൽ ആരും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന അനീതിയാണെന്നു പറയുന്നില്ല. [illegible] മുതലായ പ്രെസ്ബിറ്റേറിയൻകാരും ലൊർഡ്ഷാഫ്റ്റ്സ്ബെറി മുതലായ സുവിശേഷഭാഗക്കാരും, ഡാക്തർ ജോൺസൻ, വെസ്ലി, ബിഷൊപ്പ ഹീബർ മുതലായ ജോർജിയൻ സഭക്കാരും, ബ്രോഡ് ചർച്ചകാരും, [illegible], അഷർ, ബ്രമ്മൽ, കെൻ, വിത്സൻ മുതലായ സത്യ അംഗ്ലിക്കന്മാരും ഒന്നുപോലെ ഈ ഉപദേശത്തെ ആചരിച്ചിരിക്കുന്നു. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്ക എന്നുള്ളതു റെസ്ക്യുഡിക്കെറ്റായായിരിക്കുന്നു. മരിയ വിക്ടോറിയാ മഹാരാജ്ഞി ഒരിക്കൽ ഒരു മദാമ്മയൊടു ഇപ്രകാരം പറകയുണ്ടായി: 'എന്റെ ജീവൻ മരിച്ചുപോയവരുടെ ജീവനൊടുകൂടി എത്രമാത്രം കൂടിപിണഞ്ഞിരിക്കുന്നു എന്നു നിങ്ങൾക്കു ഊഹിപ്പാൻ പാടില്ല. മരിച്ചുപോയവരോടു ധ്യാനം മൂലം [illegible] സംസർഗ്ഗം ചെയ്യുമ്പൊൾ അല്ലാതെ എനിക്കു ജീവൻ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല'. കഴിഞ്ഞുപൊയ ബാഫൻബെർഗ്ഗിലെ ഹെൻറി പ്രഭുവിന്റെയും [illegible] മഹാരാജ്ഞിയുടെ ആജ്ഞാപ്രകാരം പറയുന്ന പ്രാർത്ഥന ഉപയോഗിച്ചു:- 'കർത്താവെ, ദുഃഖവും വേദനയും ഇല്ലാത്ത സ്ഥലത്തു നിന്റെ വിശുദ്ധന്മാരൊടുകൂടി ഈ നിന്റെ ദാസന് നീ ആശ്വാസം നൽകണമെ'. ഇപ്പൊഴത്തെ രാജ്ഞി അന്നു മൃതശരീരത്തിന്മേൽ [illegible] വെച്ചുണ്ടിൽ ഇപ്രകാരം എഴുതിയിരുന്നു. "കരുണയുള്ള യേശുവെ, ഇവനു നിന്റെ നിത്യ [illegible] നൽകണമെ".

⁂

ഉപദേശികളുടെ യോഗം.—ഇതിനെ സംബന്ധിച്ചു വലിയ തിരുമേനിയുടെ ഒരു [illegible] പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു. [illegible] കാണാവുന്നതാണ. ഉപദേശികൾ എന്നു പറഞ്ഞ പല തരക്കാർ [illegible] അറിയുന്നു. ഈ സംഘത്തിൽവച്ചു വിശേഷ [illegible] ഉപദേശികളെ [illegible] സംഘം ശ്രമിക്കണമെന്നു വിശ്വസിക്കുന്നു.

നിരണത്തു പള്ളിയിൽ പതിവായി നടത്തിവരാറുള്ള പെരുനാൾ ഇയ്യാണ്ടിലും ധനുമാസം ൨൦ നു-ക്കു മലയാം കണക്കിൽ ൪. നു- വെള്ളിയാഴ്ച ആഘോഷപൂർവ്വം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായും അന്നേ ദിവസം സൺഡെസ്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്തുവാൻ വിചാരിച്ചിരിക്കുന്നതായും കേൾക്കുന്നു.

❖ ❖ ❖

ക്രിസ്ത്വാബ്ദം ആറാം നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പു ക്രിസ്ത്യാനി സഭയിൽ പൊതുവായി അംഗീകരിക്കപ്പെട്ടിരുന്ന ഉപദേശാചാരങ്ങൾ എല്ലാം ശരിയായി സ്വീകരിക്കേണ്ടതാണെന്നു ഇംഗ്ലീഷു പത്രങ്ങളിൽ ഒരു വാദം പുറപ്പെടുകയും, ഡർഹാം, ലിവർപ്പൂൾ മുതലായ സ്ഥലങ്ങളിലെ ബിഷോപ്പന്മാരും അനേകം പാദ്രിമാരും ഇതിനെ സമ്മതിക്കയും ചെയ്യുന്നു. ഈ തോതു വച്ചുംകൊണ്ടു നോക്കുമ്പോൾ നവീകരണ ഉപദേശങ്ങൾക്കു നില്ക്കാൻ എവിടെയാണു കള്ളിയുള്ളതു?.

❖ ❖ ❖

കോട്ടയം അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു എല്ലാ പള്ളികൾക്കും അയച്ചിട്ടുള്ള അന്ത്യകല്പനയിൽനിന്നു അദ്ദേഹത്തിന്റെ തല്ക്കാലസ്ഥിതി നമ്മുടെ വായനക്കാർ അറിഞ്ഞിട്ടുണ്ടല്ലോ. ഈ പിതാവു രോഗിയായിട്ടു വളരെ നാളായി. സുഖക്ഷയത്തിൽ ഇരുന്നിട്ടും ആലുവാപള്ളിയിൽ താമസിച്ചു അവിടെ ആരംഭിച്ച സിമ്മനാരി പണി പൂർത്തിയാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. അതിന്റെ പണി ഒരു നില തീർന്നു. രണ്ടാം നില ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ തിരുമനസ്സിലേക്കു ഒട്ടും സുഖമില്ലെന്നറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. വളരെ അവശതയിൽ ഇരുന്നിട്ടും സിമ്മനാരി പണികാര്യത്തിൽ അന്വേഷണവും ശ്രദ്ധയും കുറവില്ല. ആ തിരുമേനിയുടെ രോഗശാന്തിക്കായി വായനക്കാർ പ്രാർത്ഥിക്കയും അവിടത്തെ അന്ത്യശ്രമം നിറവേറുന്നതിനു കഴിയുന്ന സഹായം ചെയ്തുകൊടുക്കയും ചെയ്യേണ്ടതു ആവശ്യമാണെന്നുള്ള വിവരം ഞങ്ങൾ ഏവരേയും ഓർപ്പിച്ചുകൊള്ളുന്നു.

“എന്റെ വടക്കൻ യാത്ര”.

കഴിഞ്ഞ ൩-ാം ലക്കം മലങ്കര സഭാതാരകയിൽ മേൽപറഞ്ഞ തലവാചകത്തിൽ മിസ്റ്റർ. അല്ലാ ശുദ്ധ- അയ്യോ പത്രാധിപർ സാറെ ഞാനൊന്നു വല്ലാതെ കുഴങ്ങുന്നു. ഈ പരിഷ്കാരകാലത്തു ഒരുത്തന്റെ പേർ പറയുന്ന അവസരത്തിൽ എറ്റിക്കെറ്റിൻ പ്രകാരം മിസ്റ്റർ എന്നോ ബ്രഹ്മശ്രീ, മഹിമശ്രീ എന്നോ മറ്റോ ഉള്ള പദങ്ങൾ ആദ്യമായി ഉപയോഗിച്ചില്ലെങ്കിൽ മര്യാദയായി സംസാരിച്ചിട്ടില്ലെന്നുള്ള കുറ്റാരോപണം ഉടനടി അയാളുടെ മേൽ ഉണ്ടാകും- എന്നുമാത്രമോ ആവക പദങ്ങൾ ഏതു അവസരത്തിൽ പ്രയോഗിക്കുന്നുവോ അപ്പോൾ ആ ആളിന്റെ അവസ്ഥാനുസരണമായിരിക്കയും വേണം. രാജാക്കന്മാരുടെ പേരിനു മുമ്പായി “ഹിസ്സ് മജസ്റ്റി” എന്നും, വൈസ്രോയി, ഗവർണ്ണർ, ദിവാൻ എന്നീ പദപ്രയോഗങ്ങൾക്കാദിമായി “ഹിസ്സ് എക്സലൻസി” എന്നും ബിഷപ്പന്മാരുടെ പേരുകൾക്കു മുമ്പു “ഹിസ്സ് ലോർഡ്ഷിപ്പ്” എന്നും സംസാരത്തെ ഉപേക്ഷിച്ചു ദൈവത്തോടടുത്തു മുഴുവനും ദൈവത്തിനായി ജീവിക്കുന്ന ശുദ്ധന്മാരുടെ പേർ പറയുമ്പോൾ സെയിന്റു മലയാളത്തിൽ ശുദ്ധ: എന്നും ഉപയോഗിക്കുന്നതു ഏവർക്കും അറിവുള്ളതാണല്ലോ. എന്റെ സാറേ! ഈ അവസരത്തിൽ ഇവയിൽ ഏതിനെയാണു പ്രയോഗിക്കേണ്ടതെന്നു ശങ്കിക്കുന്നു. ഞാൻ പറവാൻ ശ്രമിക്കുന്നതു- “വടക്കൻ യാത്ര” എന്ന തലവാചക സഹിതം സഭാതാരകയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ലേഖനകർത്താവിന്റെ നാമമാണു. ടിയാന്റെ ലേഖനം വായിക്കുമ്പോൾ ചില ഭാഗങ്ങളിൽ ഇയാൾ ഒരു പരിശുദ്ധനാണോ എന്നും മറ്റു ചില ഭാഗങ്ങൾകൊണ്ടു സാധാരണക്കാരെക്കാൾ വലിയ വ്യത്യാസമൊന്നുമില്ലെന്നും തോന്നിപ്പോകുന്നു. ഇതിനും പുറമെ ഒരുവനെ കാണുമ്പോൾ അവനെക്കുറിച്ചു [illegible] ഏകദേശമായോരു അഭിപ്രായമുണ്ടാകാറുള്ള മനുഷ്യസ്വഭാവരീത്യാ നോക്കുമ്പോൾ ടിയാനെ പറ്റി രണ്ടാമതുള്ള അനുമാനത്തെക്കാൾ വിശേഷവിധിയായി യാതൊരു [illegible]ണവും കാണുന്നുമില്ല. അങ്ങിനെ ഈ അഭിപ്രായത്തെ താങ്ങി പലരും (ടിയാന്റെ [illegible]കാരെ ഒഴിച്ചു) എന്നോടു സംസാരിച്ചിട്ടും ഉണ്ടു- അതിനാൽ എന്റെ സാറേ! ഞാൻ എന്തോ വേണ്ടുന്നതു- സാറിന്റെ പക്ഷത്തിൽ [illegible] പ്രയോഗിക്കപ്പെട്ട [illegible]

യിരിക്കാം. തരക്കേടില്ലാ. ഈയാൾ ഒരു വിധം കീൎത്തിസമ്പാദിച്ചിരിക്കുന്ന മിസ്റ്റർ
കെ. എൻ. സൈമൺന്റെ സോദരനല്ലെ. എന്നാൽ കിടക്കട്ടെ മിസ്റ്റർ കെ. എൻ.
ദാനിയേൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനത്തെ ഞാനും വായിച്ചു.

ഈ ലേഖനത്തെക്കുറിച്ചു എന്റെ സാറെ എനിക്കു രണ്ടു വാക്കു പറവാനുണ്ടു. അതിനു മുമ്പായി ടിയാനെ പറ്റി ഇവടങ്ങളിൽ ഉണ്ടായിരിക്കുന്ന അഭിപ്രായവും കൂടെ പ്രസ്താവിക്കുന്നതു ഈ അവസരത്തിൽ അനുചിതമായി വരികയില്ലെന്നു വിശ്വസിക്കുന്നു. മിസ്റ്റർ ദാനിയേലിനെ ഇവിടങ്ങളിൽ വച്ചു അഭിമുഖമായി കണ്ടിട്ടുള്ള ഒരാളുമാണു ഞാൻ. ടിയാന്റെ കൂട്ടുകാരായ വാളകത്തിനടുത്തു ഒരു സ്ഥലത്തു വച്ചു തല്ലുകൊണ്ടതായി പറയുന്ന അബ്രാഹം മുതലായ നവീകരണ ഉപദേശിമാർ ഇവിടങ്ങളിൽ സഞ്ചരിച്ചു രണ്ടു മൂന്നു സംവത്സരങ്ങളായി പ്രസംഗങ്ങൾ നടത്തിത്തുടങ്ങീട്ടു. ആദ്യകാലങ്ങളിൽ പ്രസ്തുത ലേഖനത്തിൽ പ്രതിവാദിച്ചിരിക്കുന്നതു പോലെ "യാക്കോബായ സഭയിൽ നിന്നു കൊണ്ടു രക്ഷകിട്ടാതെ വരുമെന്നു ഞങ്ങൾക്കു അഭിപ്രായമില്ലാത്തതിനാൽ യാക്കോബായ സഭയുടെ ഉപദേശങ്ങൾ തെറ്റാണെന്നിവിടെ പ്രസംഗിപ്പാൻ ഞങ്ങൾ ഭാവിച്ചിട്ടില്ലാ" എന്നു പറഞ്ഞു വന്നതുകൊണ്ടു അവൎക്കു ഒരു വിധം പ്രവേശനം ചില സ്ഥലങ്ങളിൽ ലഭിക്കാതിരുന്നില്ലാ. അങ്ങനെ പ്രവേശനം കിട്ടിയ സ്ഥലങ്ങളിൽ കുറെ കഴിഞ്ഞപ്പോൾ ചിലഅധികപ്രസംഗങ്ങൾ തുടങ്ങി. ഈ അവസരത്തിൽ ആണു തല്ലെന്നും അടിയെന്നും മറ്റുമുള്ള ശബ്ദങ്ങൾ കേട്ടുതുടങ്ങിയതു. അതിനു മുമ്പായി ഒരുവിധം നല്ല പേരോടു കൂടിയാണു അവർ ഇവിടെങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നതു. എന്നാൽ ലേഖനകൎത്താവിനെ പറ്റി ആദ്യമെ തന്നെ ഒരു വല്ലാത്ത അഭിപ്രായമാണു ഉണ്ടായിരിക്കുന്നതു. ഈയാൾ മഹാ "നിഗളി" എന്നും "അവിവേകി" എന്നും എന്നോടു പലരും പറഞ്ഞിട്ടുണ്ടു. ഓരോ സമ്പ്രദായങ്ങൾ കണ്ടാൽ ഈ അഭിപ്രായം ഉണ്ടാകാവുന്നതാണു. ഇതിന്റെ വാസ്തവം പ്രസ്തുത ലേഖനത്തെ ശ്രദ്ധമായി വായിച്ചു നോക്കുന്നവൎക്കു ധാരാളം തോന്നാവുന്നതുമാണു. ഇപ്രകാരം പൊതുജനങ്ങൾ അഭിപ്രായപ്പെട്ടിരിക്കെ അദ്ദേഹത്തിന്റെ ലേഖനത്തിനു എത്രത്തോളം വിലയുണ്ടെന്നൊ പ്രത്യേകം ഞാൻ പറഞ്ഞിട്ടു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒന്നും പറയാതിരുന്നാൽ എന്നെക്കുറിച്ചു തന്നെയും വായനക്കാൎക്കു ദുരഭിപ്രായം ജനിക്കുവാൻ സംഗതി വന്നേക്കുമെന്നു സംശയിച്ചു കുറച്ചു മാത്രം ചൂണ്ടികാണിച്ചേക്കാം.

തന്റെ യാത്രാവിവരണത്തിൽ മിസ്റ്റർ ദാനിയേൽ പല സ്ഥലങ്ങളിലും വാസ്തവത്തിന്നെതിരായും വാസ്തവത്തെ മറച്ചും വായനക്കാരെ തെറ്റിധരിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുണ്ടെന്നു എനിക്കു നല്ലപോലെ അറിയാം. അധികഭാഗവും പള്ളിക്കാരെ അപമാനമായുള്ള സംഭാഷണങ്ങൾ കൊണ്ടു കഴിച്ചുകൂട്ടിയിരിക്കുന്നതിനാൽ അവയിൽ എത്രത്തോളം പരമാൎത്ഥമുണ്ടെന്നു വായനക്കാരുടെ അറിവിലേക്കായി ടി. അച്ചൻ തന്നെ ഉദ്യമിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. എനിക്കറിയാവുന്നവയെ താഴെ ചേൎക്കുന്നു.

൧. "വാളകം അറ്റത്തപ്പോൾ ഒരു ശെമ്മാശൻ--------എന്റെ പുസ്തകം കൈക്കലാക്കികൊണ്ടുപോയി" ഈ വാചകങ്ങൾ കൊണ്ടു അൎത്ഥമാക്കേണ്ടവിധത്തിൽ യാതൊരു അന്നു അവിടെ നടന്നിട്ടില്ലെന്നുള്ളതു പരമാൎത്ഥമാണ. ഇതിനു ദൃക്‌സാക്ഷികൾ ധാരാളമുണ്ടു.

൨. "ശീമക്കാരൻ ശെമ്മാശ്ശൻ അടികൊണ്ടു എന്റെ വാ പൊത്തി" "പിടിച്ചുവെച്ചു വലിച്ചു" "ഞാൻ കൈകുത്തി വീണു" എന്നൊക്കെ പ്രസ്താവിച്ചിരിക്കുന്നവ പ്രൗഢ പാളിവചനങ്ങൾ മാത്രമാണ. അങ്ങനെ സംഭവിച്ചിട്ടില്ലാ.

൩. ആദ്യത്തെദിവസം വാളകത്തുനിന്നും മടങ്ങിയസമയം "ക്രിസ്തീയസഹോദരന്റെ" അപേക്ഷയെ സ്വീകരിക്കാതെ ൭ മണിക്കു സധൈൎയ്യം "സുഖത്തോടെ മൂവാറ്റുപുഴ എത്തി" എന്നു പറഞ്ഞിരിക്കുന്നവയിൽ ലേശവും സത്യമില്ലാ. ഈച്ചൽപോലെ നിറച്ചു വിളക്കും കൂടെ ഇല്ലാതെ അൎദ്ധരാത്രിസമയമാണു മൂവാറ്റുപുഴെ വന്നുചേൎന്നതു.

൪. മൂന്നാംദിവസത്തെ പ്രസംഗവും കഴിഞ്ഞു മടങ്ങി മൂവാറ്റുപുഴെ വന്നപ്പോൾ സന്ധ്യാസമയമായതുകൊണ്ടു മൂവാറ്റുപുഴ നിവാസികളിൽ ചിലർ അവരെ അന്വെഷിച്ചെന്നു എന്നും വഴിയിൽവച്ചു കണ്ടു കൎത്താവിനെ സ്തോത്രം ചെയ്തു എന്നും സൂചിപ്പിച്ചിരിക്കുന്നവയിൽ വാക്കുകൾ അവ്യക്തങ്ങളായും വായനക്കാരെ തെറ്റിധരിപ്പിക്ക

ണമെന്നുദ്ദേശിച്ചിരിക്കുന്നവയുമാകുന്നു. മൂവാറ്റുപുഴ നിവാസികളിൽ ആരാണ ഇവരെ അന്വെഷിച്ചു ചെന്നതു. എവിടെവച്ചാണ കണ്ടതു. എന്നുകൂടി വ്യക്തമായി പറഞ്ഞിരുന്നെങ്കിൽ ചെമ്പു വെളിപ്പെട്ടേനെ. ഇവർ മടങ്ങിവന്നു കയറിയ വീട്ടിൽ ഞാനും എന്നെപ്പോലെയുള്ള മറ്റു സഹോദരങ്ങളും ഉണ്ടായിരുന്നു. ആരാണ ഇവരെ അന്വെഷിച്ചു ചെന്ന മൂവാറ്റുപുഴ നിവാസികളെന്നു ഇനിയും പറയുവാൻ തുനിയുമെന്നു തോന്നുന്നില്ലാ.

ഇനിയും എനിക്കു പറവാനുള്ളതു "ഈ ദേശത്തുള്ളവരുടെ സന്മാർഗ്ഗബോധത്തിന്റെയും അറിവിന്റെയും അവസ്ഥയെ വെളിപ്പെടുത്തുന്ന ചില സംഗതി കൂടി താഴെ ചേൎക്കുന്നു" എന്നു പറഞ്ഞുകൊണ്ടു മിസ്റ്റർ ദാനിയേൽ തന്റെ ലേഖനത്തെ അവസാനിപ്പിച്ചിരിക്കുന്ന ഭാഗത്തെസംബന്ധിച്ചാകുന്നു. തെക്കരെന്നും വടക്കരെന്നും സുറിയാനിക്കാരെ ഭാഗിച്ചിരിക്കുന്നതു ഛാപാലത്തിനു തെക്കോട്ടും വടക്കോട്ടുമാണെന്നു ഒരു അഭിപ്രായമുണ്ടു. അതുവേണ്ടാ കോട്ടയത്തിനു വടക്കോട്ടുള്ളവർ വടക്കർതന്നെയാണല്ലൊ. ഇവരിൽ ആരുംതന്നെ അല്ലെങ്കിൽ അധികഭാഗവും സന്മാർഗ്ഗനിഷ്ഠകളെ അനുഷ്ഠിക്കുന്നവരല്ലെന്നു കാണിപ്പാൻ ലേഖകൻ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെ വായിച്ചപ്പോൾ ഞാൻ വളരെ അതിശയിച്ചുപോയി. ലേഖനകൎത്താവിന്റെയും കൂട്ടുകാരുടെയും ചരിത്രങ്ങൾ നല്ലപോലെ ഒന്നു ആലോചിച്ചുകൊണ്ടായിരുന്നു ഇതിനായി ശ്രമിച്ചിരുന്നെങ്കിൽ ഇതിനായി തുനിയുമായിരുന്നൊ എന്നു ഞാൻ വളരെ സംശയിക്കുന്നു. സഹോദരന്മാരിലൊരുത്തൻ തിരുവനന്തപുരം ആശുപത്രിയിൽ ചെന്നു ശസ്ത്രക്രിയ കഴിപ്പിച്ചതു ഏതു സന്മാർഗ്ഗപ്രവൃത്തി ചെയ്തിട്ടാണെന്നു ഒന്നു ആലോചിച്ചുനോക്കട്ടെ. പാലം വലിച്ചപ്പോൾ അക്കരെ ആയിപ്പോയ കഥയും മാരാമണ്ണു മണൽപ്പുറത്തുവച്ചു പ്രസംഗമദ്ധ്യേ വാച്ചൎസാക്ഷിനാൽ പ്രത്യേകം സൂചിപ്പിക്കുന്നതിന്നിടയാകിയ സംഭവവും "പ്രഥമഭാഷ്യ"യിൽ നിന്നുള്ള സന്താനങ്ങളിൽനിന്നും പ്രഹരാദി കഷായം കുടിച്ചതും പള്ളിപണിക്കായി പോയി വിധവയെ പിഴപ്പിച്ചു പുനൎവിവാഹം കഴിച്ചുകളയാമെന്നുറച്ചതും ദീനം കാണാൻചെന്നു തട്ടിൻപുറത്തു ചിരട്ടകിടയിൽ പോയതും പോലീസു ഇൻസ്പെക്ടർ "അപ്പുറത്തു കൊണ്ടുപോയി വാ" എന്നു കാൺസ്റ്റബിൾമാരോടു ഓഡർ ചെയ്തതുമായ കപ്പായക്കാരുടെ ചരിത്രങ്ങളും ഞാൻ പ്രത്യേകം പറയണമൊ. മല്ലപ്പള്ളിയിൽവച്ചു പ്രാൎത്ഥന സമയത്തു ഒരു സ്ത്രീയെ തട്ടികൊണ്ടുപോയ വിവരം ഞാൻ എങ്ങിനെയാണ ഇനിയും പറയുന്നതു. വേണമെങ്കിൽ ലേഖകന്റെ അടുത്തു നറുനീണ്ടി മാന്തിക്കാൻപോയി താടി ചെത്തുന്നതിനു ഇടവരുത്തിയ കപ്പായക്കാരന്റെ പ്രവൃത്തിയും വൎണ്ണിക്കാം. ഇങ്ങനെ "കുപ്രസിദ്ധ"ങ്ങളായ കഥകൾ തെക്കൻയാത്രകളിൽ ഞങ്ങളും അറിഞ്ഞിട്ടുണ്ടു. അതിനാൽ ഞാൻ മിസ്റ്റർ ദാനിയേലിനോടു ഗുണദോഷിക്കുന്നതു നിങ്ങൾ വടക്കരെ അളന്ന തോതുകൊണ്ടു തന്നെ നിങ്ങളെയും നിങ്ങളുടെ വൎഗ്ഗക്കാരെയും പ്രത്യേകം ഒന്നു അളക്കുക. അപ്പോൾ സംഗതികൾ വെളിപ്പെടും. ഇത്ര വലിയ പൊളിവചനങ്ങൾ തട്ടിവിടുന്നതിന്നിടവരികയില്ലാ. നിങ്ങൾക്കു തെക്കുതന്നെ കിടന്നു പിഴക്കുകയും ചെയ്യാം. അധിപർ സാറെ! രണ്ടുവാക്കുകൂടെ പറഞ്ഞുകൊള്ളട്ടെ. അൽമേനികളുടെ പുറകിൽ ഒരു അച്ചൻ നില്ക്കുന്നതു കണ്ടതായി ലേഖനത്തിൽ കാണുന്നു. സാധാരണ പള്ളികളിൽ അൽമെനികളുടെ പുറകിൽ നില്ക്കുന്നതു സ്ത്രീജനങ്ങളാണ. ലേഖകന്റെ അഭിപ്രായപ്രകാരം അൽമെനികളുടെ പിമ്പിലായിട്ടും സ്ത്രീകളുടെ മുമ്പിലായിട്ടും വേണം അച്ചൻ നില്ക്കുന്നതിനു. അങ്ങിനെ കണ്ടതു ഏതു പള്ളിയിൽവച്ചാണെന്നു ഒന്നു അറിഞ്ഞാൽ കൊള്ളാം. പള്ളിക്കുറാത്തിര അൽമെനികളെ സ്ത്രീകളുടെ പുറകിൽ നിൎത്തുക പതിവു തെക്കു ഒരു പള്ളിയിൽ നടപ്പുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ടു. ലേഖകൻ ഒരുവേള ഇവിടെ വച്ചു സ്വപ്നം കണ്ടതായിരിക്കാം. പിന്നെ "ഒരു നസ്രാണിസ്ത്രീ" (ക്രിസ്ത്യാനി സ്ത്രീ ആയിരിക്കുമൊ) "പള്ളിയിൽനിന്നും വരുമ്പോൾ എന്റെ ശിവനെ" എന്നു പറഞ്ഞതായി ലേഖനത്തിൽ കാണുന്നു. ഇങ്ങനെ ഇവിടങ്ങളിലുള്ള ഒരു സുറിയാനി ക്രിസ്ത്യാനി സ്ത്രീയിൽനിന്നും സംഭവിക്കുന്നതല്ലാ. വടക്കരെക്കുറിച്ചു പരിചയമുള്ളവരിൽ ആരും ഇതിനെ വിശ്വസിക്കുമൊ എന്നു സംശയിക്കുന്നു. പ്രാൎത്ഥനാസമയത്തു ആരും തട്ടികൊണ്ടുപോയില്ലല്ലൊ. അതു തന്നെ ഭാഗ്യം. വെറുതെ "പള്ളിട കുത്തി മലൎക്കുന്നതു" എന്തിനാണ.

എന്നു ഒരു വടക്കൻ.

ആലുവാ തൃക്കുന്നത്തു സിമ്മനാരി പണിവകക്കു
പള്ളികളിൽ നിന്നും പിരിഞ്ഞുവരവു.

ബ: കോതമങ്ങലത്തു ചെറിയ പള്ളിയിൽ നിന്നും	വരവു	രൂപാ	൫൦൦
,, പള്ളിക്കര പള്ളിയിൽ നിന്നും	,,	,,	൫൦൬
,, പൊയ്‌കാട്ടുശേരി പള്ളിയിൽ നിന്നും	,,	,,	൮
,, കോട്ടപ്പടി ഹെറോബ്രാൻ പള്ളിയിൽ നിന്നും	,,	,,	൩൭

പത്രവരി അടച്ചവരുടെ പേർ വിവരം.

അവരകൾ.		രൂ.	ച.	കാ.
മല്ലപ്പള്ളി ബ: പഴയ പള്ളിയോഗം		൫	൫൰	
കല്ലിശ്ശേരി താമരപ്പള്ളി കൊച്ചുകൊമ്മൻ	,,	൫	൫൰	
കല്ലൂപ്പാറ ബ: മാരെട്ടഅമ്മന	,,	൨		
പുതിയകാവു ബ: പള്ളിയോഗം		൫	൫൨	൮
പ്രനട്ടുകാവു കോമളത്തുകിഴക്കെതിൽ ഊഷ്ണ മത്തായി		൫		
സമണാകാട്ടു കാനുംപരടകരിൽ ക്രീവറീതു	,,	൫		
മാവെലിക്കര പാലമൂട്ടിൽ കുഞ്ഞനാ	,,	൫	൫൨	൮
ടി. ഒറെത്തു ഗീവറുഗീസു	,,	൫		
ടി. ഇടിച്ചാണ്ടിപറമ്പിൽ കോശി കുഞ്ഞുപോത്ത	,,	൫	൫൰	
പുതിയകാവു യാക്കൊബായ സിറിയൻക്രിസ്ത്യൻ വേദവായന സംഘത്തിൽനിന്നും		൫	൫൨	൮
ടി. കല്ലുംപ്രത്തു മാത്തു	,,	൫	൫൰	
കായംകുളം പി. ഐ ഇടിച്ചാണ്ടി	,,	൫		
കുണ്ടറ ബ: പള്ളിയോഗം		൩		
ടി. പയററുവിളയിൽ മാത്തൻപണിക്കരു		൨		
ടി. ബ: പുത്തൻപള്ളിയോഗം		൫	൫൰	
ടി. തിരുവാങ്കോട്ട തോമ്മാസു	,,	൫	൫൰	
ഉത്രവെട്ടിക്കവല വെട്ടിക്കാട്ടുവീട്ടിൽ കരക്കാരൻ ഉമ്മമ്മൻ	,,	൫	൫൰	
എം. മാത്യുവക്കീൽ ബി. എ, ബി. എൽ	,,	൰	൫൰	
തഴവാ ബ: പള്ളിയോഗം		൭	൫൰	
ടി. തെക്കുംമുറി കിഴക്കെമുണ്ടിയത്തു കോശി		൨		
വെട്ടവാത്തുന്തർ കിഴക്കെവീട്ടിൽ മുതലാളി	,,	൰	൫൰	
കലയപുരം ബ: പള്ളിയോഗം		൫		
ടി. മുഞ്ഞനാട്ടു ഇട്ടിച്ചോനാ		൫		
തല്ലൂർ ബ: പുത്തൻപള്ളിയോഗം		൰		
കൊട്ടാരക്കര കരക്കാരൻ കിഴക്കേടത്തു കുഞ്ഞാണ്ടി		൩		
കുണ്ടറച്ചേരി കാഞ്ഞിരത്തുംമൂട്ടിൽ തെക്കേതിൽ കൊച്ചിക്കൻ പണിക്കർ	,,	൫	൫൨	൮
വേലകര തയ്യിൽ വൈദ്യൻ	,,	൰	൫൰	